**പന്ത്രണ്ടാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2009 ജൂൺ 24, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തിരപ്രമേയം**

നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം

മി. സ്പീക്കർ: വിലക്കയറ്റ കെടുതികൾമൂലം ജനങ്ങൾ നേരിടുന്ന കഷ്ട പ്പാടുകൾക്ക് പരിഹാരമുണ്ടാക്കാനോ നിത്യോപയോഗസാധനങ്ങൾ ന്യായ വിലയ്ക്ക് ലഭ്യമാക്കാനോ ഗവണ്മെന്റ് നടപടികൾ സ്വീകരിക്കാത്തതുമൂലം ഉളവായതായി പറയപ്പെടുന്ന ഗുരുതരമായ സാഹചര്യത്തെപ്പറ്റി സഭാനടപടി കൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ കെ. സി. ജോസഫ്, സി.എഫ്. തോമസ്, സി.ടി. അഹമ്മദ് അലി, കെ.ബി. ഗണേഷ്കുമാർ, കെ.കെ. ഷാജു എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): വിലക്കയറ്റം നിയന്ത്രിക്കാൻ ഒട്ടേറെ അടിയന്തിര

നടപടികൾ ഇതിനകം സർക്കാർ സ്വീകരിച്ചിട്ടുണ്ട്. പല സംസ്ഥാനങ്ങളിലും നിത്യോപയോഗ സാധനങ്ങൾക്ക് വിലക്കയറ്റം ഉണ്ടാകാൻ സാധ്യതയുണ്ടെന്ന് മനസ്സിലാക്കിയപ്പോൾത്തന്നെ മുഖ്യമന്ത്രി വകുപ്പദ്ധ്യക്ഷന്മാരുടെയും കളക്ടർമാരുടെയും ഉന്നതതലയോഗം വിളിച്ചുകൂട്ടുകയുണ്ടായി. കമ്പോളത്തിലെ വിലനിലവാരം പരിശോധിക്കാനും നിയമവിരുദ്ധമായി ഗോഡൗണുകളിൽ സാധനങ്ങൾ സൂക്ഷിക്കുകയോ കൃത്രിമ വിലക്കയറ്റം സൃഷ്ടിക്കുകയോ കള്ളക്കച്ചവടം നടത്തുകയോ ചെയ്യുന്നുണ്ടോ എന്നത് സംബന്ധിച്ച് 14 ജില്ലകളിലും റെയ്ഡുകൾ നടത്തിയതിനെത്തുടർന്ന് നിരവധി കുറ്റകൃത്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്മേൽ ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേന്ദ്ര ഗവണ്മെന്റ് സ്വീകരിക്കുന്ന നയങ്ങളുടെ അടിസ്ഥാനത്തിലും അന്യ സംസ്ഥാനങ്ങളിൽ നടക്കുന്ന പണിമുടക്ക്, ഹർത്താൽ എന്നിവയുടെ ഫലമായും നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ വിലക്കയറ്റ പ്രതിഫലനമുണ്ടാകുന്നുണ്ട്. കഴിഞ്ഞ മൂന്നു വർഷമായി വിലക്കയറ്റം നേരിടാനായി 13 ഐറ്റം സാധനങ്ങൾ സിവിൽ സപ്ളൈസ് കോർപ്പറേഷന്റെ മൂവായിരത്തിലേറെ ഔട്ട്ലെറ്റുകൾ വഴി ഒരേ വിലയ്ക്ക് വിൽക്കുന്നുണ്ട്. ഈ വർഷം കമ്പോള ഇടപെടലിനുവേണ്ടി 105 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്. ജില്ലാ കളക്ടറേറ്റുകൾ കേന്ദ്രീകരിച്ച് സർക്കാർ ജീവനക്കാർക്ക് ന്യായമായ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട് കേന്ദ്ര ഭക്ഷ്യസഹമന്ത്രിയുമായി നടത്തിയ കൂടിയാലോചനയിൽ എ.പി.എൽ. വിഭാഗത്തിന് അനുവദിച്ച അരിവിഹിതം പൂർണ്ണമായി പുന:സ്ഥാപിക്കാൻ കഴിയുമെന്ന് ഉറപ്പു നൽകിയിട്ടുണ്ട്. കേന്ദ്ര ഗവണ്മെന്റിന്റെ എല്ലാപേർക്കും ഭക്ഷണം പദ്ധതി നടപ്പിലാക്കുന്നതിനുള്ള നിയമം നിലവിൽ വരുമ്പോൾ കേരളത്തിലെ

പൊതുവിതരണസമ്പ്രദായം കുഴപ്പത്തിലേയ്ക്ക് നീങ്ങും. എഫ്.സി.ഐ.-യും റെയിൽവേയും അനുഭാവപൂർവ്വമായ സമീപനം സ്വീകരിച്ചാൽ കേരളത്തിലെ പൊതുവിതരണ സമ്പ്രദായം ഇനിയും മെച്ചപ്പെടുത്തി അരിയുടെ വില നിയന്ത്രിക്കാൻ കഴിയും. വിലക്കയറ്റത്തിന്റെ ഉറവിടം കണ്ടുപിടിക്കാനായി രൂപീകരിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ഇപ്പോൾ പാർലമെന്റിന്റെ മുമ്പിലുണ്ട്. ചില്ലറ വ്യാപാര മേഖലയിലേയ്ക്ക് ദേശീയ-സാർവ്വദേശീയ കുത്തകകൾ കടന്നുകയറി നിത്യോപയോഗ സാധനങ്ങൾ ഗോഡൗണുകളിൽ സൂക്ഷിക്കുന്നതുകൊണ്ടാണ് വിലക്കയറ്റമുണ്ടാകുന്നത്. കുത്തകകളെ നിയന്ത്രിക്കാൻ റീട്ടെയിൽ റെഗുലേറ്ററി അതോറിറ്റി ഉണ്ടാക്കണമെന്നാണ് കമ്മിറ്റി നിർദ്ദേശിച്ചിട്ടുള്ളത്. കേരളത്തിൽ മാത്രമാണ് വിലക്കയറ്റം എന്ന പ്രചരണം ശരിയല്ല. പൊതുവിതരണസമ്പ്രദായത്തിലൂടെ നൽകുന്ന റേഷൻ പഞ്ചസാരയുടെ ക്വാട്ട വർദ്ധിപ്പിക്കണമെന്ന് കേന്ദ്ര ഗവണ്മെന്റിനോട് ആവശ്യപ്പെടുന്നതാണ്. വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ഗവൺമെന്റ് സാധ്യമായ എല്ലാ കാര്യങ്ങളും ചെയ്തിട്ടുണ്ട്. ഈ വിഷയം സഭ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>ശ്രീ.കെ.സി. ജോസഫ്</u> : വിലക്കയറ്റംമൂലം അതിരൂക്ഷമായ കെടുതികളാണ് കേരളം ഇന്ന് നേരിടുന്നത്. റെയിൽവേ വാഗണിന്റെ ലഭ്യത, കടത്തുകൂലിയിൽ വന്നിട്ടുള്ള കുറവ്, പണച്ചുരുക്കം എന്നീ അനുകൂല സാഹചര്യങ്ങൾ ഉണ്ടായിട്ടും കുറഞ്ഞ വിലയ്ക്ക് ഭക്ഷ്യധാന്യങ്ങളുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിന് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും യാതൊരു നടപടിയും ഉണ്ടായിട്ടില്ല. പണത്തിന്റെ ലഭ്യതക്കുറവുമൂലം സിവിൽ സപ്ളൈസ് കോർപ്പറേഷനും പൊതുമേഖലാ സ്ഥാപനങ്ങളും മാർക്കറ്റിൽ ഇടപെടുന്നില്ല.

സംസ്ഥാനത്തെ വിലക്കയറ്റം ആഗോള പ്രതിഭാസമല്ല. അവശ്യസാധനങ്ങൾക്ക് അയൽ സംസ്ഥാനങ്ങളേക്കാൾ ഇരട്ടിവിലയാണ് കേരളത്തിൽ. അയൽ സംസ്ഥാനങ്ങളിൽനിന്നും അവശ്യസാധനങ്ങൾ കുറഞ്ഞവിലയ്ക്ക് ഹോൾസെയിൽ പർച്ചേസ് നടത്തുകയും അതേവിലയ്ക്കുതന്നെ വിതരണം നടത്തുകയും ചെയ്തുകൊണ്ട് വിലനിലവാരം കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കണം. വിലക്കയറ്റത്തിന്റെ നീരാളിപ്പിടുത്തത്തിൽനിന്ന് കേരളത്തെ മോചിപ്പിക്കാൻ നടപടി സ്വീകരിക്കണം. ഈ പ്രശ്നം സഭ നിറുത്തിവച്ച് ചർച്ച ചെയ്യണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ അയൽ സംസ്ഥാനങ്ങളിൽപോയി സാധനങ്ങൾ വാങ്ങി ഇവിടെ കൊണ്ടുവന്ന് സബ്സിഡൈസ്ഡ് റേറ്റിൽ കൊടുക്കണമെന്ന് പറയുന്നത് പ്രായോഗികമാകുകയില്ല. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകളുടെ എണ്ണം കൂടുകയും ടേണോവർ 700 കോടി രൂപയിൽ നിന്നും 2000 കോടി രൂപയായി വർദ്ധിക്കുകയും അടുത്ത മൂന്ന് മാസത്തേയ്ക്കാവശ്യമായ സാധനങ്ങൾ സ്റ്റോക്ക് ചെയ്യുകയും ചെയ്തിട്ടുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകളിൽ കഴിഞ്ഞ മൂന്ന് വർഷമായി വില നിലവാരത്തിൽ മാറ്റം വരുത്തിയിട്ടില്ല. അതേസമയം കൺസ്യൂമേഴ്സിന്റെ എണ്ണം 25 ലക്ഷത്തിൽ നിന്നും ഒരു കോടിയായി വർദ്ധിച്ചിട്ടുണ്ട്. പരിമിതികൾക്കകത്ത് നിന്നുകൊണ്ട് അഴിമതി വിമുക്തമായി മദ്ധ്യവർത്തികളെ ഒഴിവാക്കിക്കൊണ്ട് സാധനങ്ങൾ സംഭരിക്കുന്ന ശ്രമകരമായ ജോലി കോർപ്പറേഷൻ ചെയ്യുന്നുണ്ട്. 2008-09 സാമ്പത്തിക വർഷത്തിൽ മാർക്കറ്റ് ഇന്റർവെൻഷനുവേണ്ടി 105 കോടി രൂപ മാറ്റിവച്ചിട്ടുള്ളത് കൂടാതെ 228 കോടി രൂപ ഇപ്പോൾ രണ്ട് രൂപയ്ക്ക് അരി

വിതരണം ചെയ്യുന്ന സ്കീമിനുവേണ്ടി മാറ്റി വച്ചിട്ടുണ്ട്. പൊതുകമ്പോള ത്തിൽ അരിയുടെ വില നിയന്ത്രിക്കണമെങ്കിൽ അയൽ സംസ്ഥാനങ്ങളിൽ നിന്നും അരി കേരളത്തിലേയ്ക്ക് റെയിൽ മാർഗ്ഗം കൊണ്ടുവരുന്നതിനുള്ള സൗകര്യം റെയിൽവേ അധികൃതർ ഒരുക്കിത്തരേണ്ടതുണ്ട്. റെയിൽവേയുടെ ഭാഗത്തുനിന്നുണ്ടായിട്ടുള്ള തടസ്സം നീക്കാൻ കേന്ദ്ര റെയിൽവേ വകുപ്പ് സഹമന്ത്രി ഇടപെട്ടിട്ടുണ്ട്. കേരളത്തിനുള്ള റേഷൻ ക്വാട്ട വർദ്ധിപ്പിക്കുമെന്ന് കേന്ദ്ര ഭക്ഷ്യ വകുപ്പുമന്ത്രി ഉറപ്പ് തന്നിട്ടുണ്ട്. എസെൻഷ്യൽ കമോഡിറ്റീസ് ആക്ട് എൻഫോഴ്സ് ചെയ്തും കടകൾ റെയ്ഡ് ചെയ്തും കരിഞ്ചന്തക്കാരെ പിടികൂടിയും പൊതു വിതരണ സമ്പ്രദായം കാര്യക്ഷമമാക്കിയും സിവിൽ സപ്ലൈസ് കോർപ്പറേഷൻ കൂടുതൽ ഔട്ട്ലെറ്റുകൾ തുടങ്ങിയും കേരളത്തിൽ ഇന്ന് അനുഭവപ്പെടുന്ന വില നിലവാരത്തിലുള്ള വ്യത്യാസങ്ങൾ പരിഹരിക്കാൻ ശ്രമിക്കുന്നതാണ്. ഇതുകൂടാതെ വിലക്കയറ്റം തടയാനുള്ള എന്ത് നിർദ്ദേശം പ്രതിപക്ഷം വച്ചാലും ഗവൺമെന്റ് തുറന്ന മനസ്സോടെ സ്വാഗതം ചെയ്യുന്നതാണ്. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ ഉമ്മൻ ചാണ്ടി, കെ.എം. മാണി, സി.ടി. അഹമ്മദ് അലി എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തുകയും അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചു വരികയും ചെയ്തു.)

**ശ്രദ്ധക്ഷണിക്കൽ**

(1) <u>എ.പി.എൽ. വിഭാഗത്തിനുള്ള ഭക്ഷ്യധാന്യങ്ങളുടെ ക്വാട്ട പുന:സ്ഥാപിക്കൽ</u>

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ</u>: പൊതുമാർക്കറ്റിലടക്കം വിലവർദ്ധനവ് തടയുന്നതിന് ഏറ്റവും ഫലപ്രദമായ നടപടി റേഷൻ സാധനങ്ങളുടെ ക്വാട്ട വെട്ടിക്കുറവ് വരുത്താതെ നൽകുക എന്നതാണ്. അരിയുടെ വില കുറയ്ക്കാൻ സാധിച്ചാൽ മറ്റ് നിത്യോപയോഗസാധനങ്ങളുടെയും വില ഗണ്യമായി കുറയും. സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സിസ്റ്റം ഏർപ്പെടുത്തിയപ്പോൾ ഒന്നേകാൽ ലക്ഷം ടൺ അരി എല്ലാ മാസവും തരാമെന്ന് കേന്ദ്ര ഗവൺമെന്റ് സമ്മതിച്ചിരുന്നതാണ്. കേരളത്തിന് ചുരുങ്ങിയത് 40 ലക്ഷം ടൺ അരിയെങ്കിലും ഒരു വർഷം ആവശ്യമാണ്. പക്ഷെ കേന്ദ്ര ഗവൺമെന്റ് അരിയുടെ ക്വാട്ട വെട്ടിക്കുറയ്ക്കുകയും റേഷൻ കാർഡ് ഉടമകളെ എ.പി.എൽ/ബി.പി.എൽ. ആയി തരംതിരിച്ച് എ.പി.എൽ.കാർഡുകാർക്ക് നൽകുന്ന അരിയുടെ വില വർദ്ധിപ്പിക്കുകയാണുണ്ടായത്. ഒരു മാസം 113,000 ടൺ അരി തരേണ്ട സ്ഥാനത്ത് 21,000 ടൺ അരിയാണ് തരുന്നത്. ഇതുവച്ച് റേഷൻ വിതരണം നടത്താൻ സാധിക്കുകയില്ല. അതിനാൽ പൊതുമാർക്കറ്റിനെ ആശ്രയിക്കേണ്ടി വരുമ്പോൾ അരിയുടെയും മറ്റ് നിത്യോപയോഗ സാധനങ്ങളുടെയും വില വർദ്ധിക്കുന്നു. കേന്ദ്ര ഗവൺമെന്റ് വാഗ്ദാനം ചെയ്തിരുന്ന അരി ലഭിച്ചിരുന്നുവെങ്കിൽ ഈ ബുദ്ധിമുട്ട് സംസ്ഥാനത്ത് വരികയില്ലായിരുന്നു. പുതിയ സർവ്വേയുടെ അടിസ്ഥാനത്തിൽ യഥാർത്ഥ ബി.പി.എൽ.കാരെ കണ്ടെത്താൻ സാധിക്കണം. കേന്ദ്രം തരുന്ന അരിവിഹിതം മാത്രം വാങ്ങി വിതരണം ചെയ്യുകയല്ല കേരളം ചെയ്യുന്നത്.

ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് 6 ലക്ഷം മെട്രിക് ടൺ നെല്ലാണ് ഉൽപാദിപ്പിച്ചിരുന്നതെങ്കിൽ ഇപ്പോൾ അത് 10 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിച്ചിട്ടുണ്ട്. പച്ചക്കറി-പയർ വർഗ്ഗങ്ങൾ ഉൽപാദിപ്പിക്കുന്ന അയൽ സംസ്ഥാനങ്ങളിൽ അതിന് വില കുറയും. ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ കേരളത്തിൽ പച്ചക്കറി-പയർ വർഗ്ഗങ്ങളുടെ വില കൂടും. വിലക്കയറ്റം തടയുന്നതിനും സംസ്ഥാനത്തെ സാധാരണ ജനങ്ങളെ ഈ പ്രതിസന്ധിയിൽ നിന്ന് രക്ഷിക്കുന്നതിനും പ്രതിപക്ഷത്തിന്റെ സഹകരണത്തോടുകൂടി കേന്ദ്രത്തിൽ ആവശ്യമായ സമ്മർദ്ദം ചെലുത്തണം.

ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): ഈ വിഷയം സംബന്ധിച്ച് സഭ ഏകകണ്ഠമായി ഒരു തീരുമാനത്തിൽ എത്തേണ്ടതാണ്. 50 ലക്ഷം വരുന്ന എ.പി.എൽ. കാർഡ് ഉടമകളുടെ വെട്ടിക്കുറച്ച ഭക്ഷ്യസാധനങ്ങളുടെ ക്വാട്ട പുന:സ്ഥാപിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. അനുകൂലമായ പ്രതികരണം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. അതോടൊപ്പം തന്നെ കേന്ദ്രത്തിൽ നിന്ന് ലഭിക്കേണ്ട മണ്ണെണ്ണയുടെ ക്വാട്ടയും കുറഞ്ഞിരിക്കുകയാണ്. പാചകവാതകത്തിന്റെ കാര്യത്തിലും പ്രശ്നങ്ങളുണ്ട്. കേരളത്തെപ്പോലുള്ള സംസ്ഥാനത്തോട് കേന്ദ്ര ഗവൺമെന്റ് വളരെ അനുകൂലമായ നിലപാട് സ്വീകരിച്ചാൽ മാത്രമേ സംസ്ഥാനത്തെ സാധാരണക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കുകയുള്ളൂ. കേന്ദ്ര ഗവൺമെന്റ് ചില സംസ്ഥാനങ്ങളിലെ എ.പി.എൽ. വിഭാഗക്കാർക്ക് 35 കിലോ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നുണ്ട്. ഈ സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളത്തെക്കൂടി ഉൾപ്പെടുത്തണമെന്ന്

കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്. പ്രതിപക്ഷത്തിന്റെ സഹായത്തോടുകൂടി കേന്ദ്രത്തിൽ ഇതിനാവശ്യമായ സമ്മർദ്ദം ചെലുത്തുന്നതാണ്.

(2) ടെക്നോസിറ്റി പദ്ധതി നിർവ്വഹണത്തിലെ അനിശ്ചിതാവസ്ഥ

ശ്രീ. എം.എ. വാഹീദ്: വളരെ പ്രതീക്ഷ നൽകുന്ന ഒരു പദ്ധതിയായിരുന്നു ടെക്നോപാർക്കിന്റെ നാലാം ഘട്ട വികസനമായ ടെക്നോസിറ്റി. ഇതിന്റെ നടപടിക്രമങ്ങൾ 2005-ൽ ആരംഭിച്ചതാണ്. 750 ഏക്കർ സ്ഥലമാണ് ഇതിനായി ആദ്യം നോട്ടിഫൈ ചെയ്തിരുന്നതെങ്കിലും പിന്നീട് ആൾപാർപ്പുള്ള സ്ഥലങ്ങൾ ഒഴിവാക്കി 507 ഏക്കറായി തീരുമാനിച്ചു. 36 വീടുകളിൽ താമസിക്കുന്നവരെ മാത്രം മാറ്റിപാർപ്പിക്കാൻ ആവശ്യമായ ബദൽ സംവിധാനം ഉണ്ടാക്കുമെന്ന് മുഖ്യമന്ത്രി ഉറപ്പ് നൽകിയതാണ്. ഇതിനായി 2006-ൽ ജനപ്രതിനിധികളെ ഉൾപ്പെടുത്തി ജനകീയ കമ്മിറ്റിയുണ്ടാക്കി. ഇപ്പോൾ 125-ഓളം വീട്ടുകാർക്ക് നോട്ടീസ് കൊടുത്തിരിക്കുകയാണ്. 507 ഏക്കറിൽ 205 ഏക്കർ മാത്രമാണ് ടെക്നോപാർക്കിന് എടുത്തിട്ടുള്ളത്. ബാക്കി സ്ഥലത്തിന്റെ കാര്യത്തിൽ ഇപ്പോഴും അനിശ്ചിതാവസ്ഥയാണ്. തരിശായി കിടക്കുന്നതും പദ്ധതിക്ക് അനുയോജ്യമായതുമായ ഈ സ്ഥലം എടുക്കാതെ ആൾവാസമുള്ള കോളനി പ്രദേശങ്ങളിലെ വീടുകൾക്ക് നോട്ടീസ് കൊടുത്തിരിക്കുകയാണ്. ഗുരുതരമായ ക്രമസമാധാന പ്രശ്നമായി ഇത് മാറിയിരിക്കുകയാണ്. ജനകീയ കമ്മിറ്റിയെ അട്ടിമറിക്കാൻ രാഷ്ട്രീയ പാർട്ടികളുടെ ഒരു കമ്മിറ്റിയും ഉണ്ടാക്കിയിട്ടുണ്ട്. ഭൂഉടമകൾ ഇതിനെതിരാണ്. സമരത്തിന്റെ

ഘട്ടത്തിലേയ്ക്ക് കാര്യങ്ങൾ പോയിക്കൊണ്ടിരിക്കുകയാണ്. 2005-ൽ രജിസ്റ്റർ ചെയ്തിരുന്ന 48-ഓളം കമ്പനികളിൽ 40-ഓളം കമ്പനികളും ഈ പ്രോജക്ടിൽ നിന്ന് പിൻമാറി. ഭൂഉടമകൾക്ക് ന്യായമായ മാർക്കറ്റ് വില തീരുമാനിച്ച് കൊടുക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞിട്ടുണ്ട്. ഒരുപാട് അഭ്യസ്തവിദ്യർക്ക് തൊഴിലവസരമുണ്ടാക്കുന്ന ഒരു പദ്ധതിയാണിത്. ഈ പദ്ധതി അട്ടിമറിക്കാതിരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ). ടെക്നോപാർക്കിന്റെ നാലാംഘട്ട വികസന പദ്ധതിയായ ടെക്നോസിറ്റിക്കായി 19.12.2005-ലെ സർക്കാർ ഉത്തരവ് പ്രകാരം 732 ഏക്കർ ഭൂമി ഏറ്റെടുക്കാനായിരുന്നു തീരുമാനിച്ചത്. ഭൂമി ഏറ്റെടുക്കുമ്പോഴുണ്ടാകാവുന്ന വമ്പിച്ച കുടിയൊഴിപ്പിക്കലുകൾ പരമാവധി കുറയ്ക്കുന്നതിന് വേണ്ടി ഏറ്റെടുക്കുന്ന ഭൂമിയുടെ അളവ് 507 ഏക്കറായി പുതുക്കി നിശ്ചയിച്ചുകൊണ്ട് 21.02.2006-ൽ സർക്കാർ ഉത്തരവിറക്കി. ഏറ്റെടുക്കുന്ന ഭൂമിയുടെ അളവ് 450 ഏക്കറായി കുറയ്ക്കുന്ന കാര്യം 16.04.2008-ൽ കൂടിയ സബ്ജക്ട് കമ്മിറ്റി യോഗത്തിൽ ചർച്ച ചെയ്യുകയുണ്ടായി. പ്രോജക്ട് ഏരിയയിൽ നിന്ന് വൻതോതിലുള്ള ഒഴിപ്പിക്കൽ ഒഴിവാക്കുന്നതിന് വേണ്ടിയുള്ള ലാന്റ് അക്വിസിഷൻ അതോറിറ്റിയുടെ ശ്രമഫലമായാണ് മാറ്റങ്ങളുണ്ടായതെന്നും പ്രോജക്ടിന്റെ പെരിഫെറൽ ഏരിയയിൽ വരുന്ന വീടുകളും കടകളും ഭൂമി ഏറ്റെടുക്കൽ നടപടിയിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളതിനാൽ ചില വില്ലേജുകളിലെ ഏറ്റെടുക്കാനുള്ള ഭൂമിയുടെ വിസ്തൃതിയിൽ കുറവ് വന്നിട്ടുണ്ടെന്നും

ടെക്നോപാർക്ക് സി.ഇ.ഒ അറിയിക്കുകയുണ്ടായി. റിക്വിസിഷൻ പ്രൊപ്പോസൽ സമർപ്പിക്കുന്ന അവസരത്തിൽ 36 വീടുകൾ മാത്രമേ വരികയുള്ളുവെന്ന് ടെക്നോപാർക്ക് അധികൃതർ പറഞ്ഞിരുന്നുവെങ്കിലും സർവ്വേ നടത്തിയപ്പോൾ നോട്ടിഫൈ ചെയ്ത ഭൂമി മുഴുവൻ അക്വയർ ചെയ്യുകയാണെങ്കിൽ ഒഴിപ്പിക്കപ്പെടുന്നവരുടെ എണ്ണം വളരെ വർദ്ധിക്കുമെന്ന് തിരുവനന്തപുരം ജില്ലാ കളക്ടർ അറിയിച്ചു. ചില വില്ലേജുകളിൽ നോട്ടിഫൈ ചെയ്ത വീടുകളുടെ എണ്ണം വളരെ കൂടുതലായതുകൊണ്ടാണ് സ്ഥലമെടുപ്പിന്റെ വിസ്തൃതിയിൽ കുറവ് വന്നതെന്ന് ലാന്റ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ടിൽ പറയുന്നു. ഒന്നാംഘട്ടത്തിനായി പള്ളിപ്രം വില്ലേജിൽ ഡ്രാഫ്റ്റ് ഡിക്ലറേഷൻ പുറപ്പെടുവിച്ച 205.11 ഏക്കറിൽ 186.8 ഏക്കർ ഭൂമിയുടെ ഏറ്റെടുക്കൽ നടപടികൾ ഇതിനകം പൂർത്തിയാക്കി. മികവിന്റെ കേന്ദ്രമായി പ്രവർത്തിക്കുന്ന സ്ഥാപനമെന്ന നിലയിൽ ഏഷ്യൻ സ്ക്കൂൾ ഓഫ് ബിസിനസ്സിന്റെ 16.65 ഏക്കർ ഭൂമി ഏറ്റെടുക്കൽ നടപടിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ പശ്ചാത്തലത്തിലും ടെക്നോസിറ്റി വികസനത്തിന്റെ ഭാഗമായി അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. നബാർഡ് ഉൾപ്പെടെയുള്ള ഏജൻസികളുടെ സഹായത്തോടുകൂടി 50 കോടി രൂപയുടെ വികസന പ്രവർത്തനം സർക്കാർ മുൻകയ്യെടുത്ത് നടത്താനുള്ള നടപടികൾ നടന്നുവരുന്നു. വിശദമായ എസ്റ്റിമേറ്റും മറ്റ് നടപടിക്രമങ്ങളും പൂർത്തീകരിച്ച് ടെക്നോസിറ്റിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ തന്നെ ആരംഭിക്കുന്നതാണ്.

**സബ്മിഷൻ**

(1) <u>നഴ്സിംഗ് വിദ്യാർത്ഥികൾക്ക് ബാങ്ക് വായ്പ</u>

<u>ശ്രീ. സി.എഫ്. തോമസ്</u>: ബി.എസ്.സി. നഴ്സിംഗ് പഠനത്തിന് ബാങ്കുകൾ കൊടുത്തിരുന്ന വായ്പ നേർപകുതിയായി വെട്ടിച്ചുരുക്കിയതുമൂലം നഴ്സിംഗ് വിദ്യാർത്ഥികൾ ബുദ്ധിമുട്ടുകയാണ്. ഇത് ഇൻഡ്യൻ ബാങ്ക്സ് അസ്സോസിയേഷന്റെ നിർദ്ദേശ പ്രകാരമാണെന്നും കേരളത്തിൽ സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി അപ്രൂവ് ചെയ്തതുമാണെന്നാണ് ബാങ്ക് അധികൃതർ പറയുന്നത്. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇടപെട്ട് അടിയന്തിരമായി ഈ പ്രശ്നം പരിഹരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി <u>(ഡോ. തോമസ് ഐസക്):</u> ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ വിദേശത്ത് തൊഴിലവസരങ്ങൾ കുറഞ്ഞതിനാൽ വായ്പ തിരിച്ചടവ് കുറയുമെന്നുള്ള സന്ദേഹം കൊണ്ടാണ് വിദ്യാഭ്യാസ വായ്പകൾ കൊടുക്കുന്നതിൽ ബാങ്കുകൾ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നത്. സർക്കാർ വളരെ ഗൗരവത്തോടുകൂടി ഈ വിഷയം ഏറ്റെടുത്ത് സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയിൽ ഉന്നയിക്കുന്നതാണ്.

(2) <u>ചെറിയതുറയിൽ നടന്ന സംഘർഷം</u>

<u>ശ്രീ. വി. സുരേന്ദ്രൻ പിള്ള:</u> 17.5.2009-ന് ബീമാപള്ളി ചെറിയതുറയിൽ ഉണ്ടായ സംഘർഷാവസ്ഥയെത്തുടർന്ന് നടന്ന പോലീസ് വെടിവയ്പിൽ ആറ് പേർ മരിക്കുകയും നിരപരാധികളായ നിരവധി പേർ ആശുപത്രിയിലാവുകയും ഒട്ടേറെ നാശനഷ്ടങ്ങളുണ്ടാവുകയും ചെയ്തു. വളരെ പ്രതിബദ്ധതയോടുകൂടി ഗവണ്മെന്റ് ഇക്കാര്യങ്ങൾ കാണുകയും കൂടുതൽ സംഘർഷങ്ങളും അനിഷ്ട സംഭവങ്ങളും ഉണ്ടാകാതിരിക്കാനാവ

ശ്യമായ കരുതൽ നടപടികളെടുക്കുകയും മരിച്ചവരുടെ കുടുംബങ്ങൾക്കും പരിക്കേറ്റവർക്കും നഷ്ടപരിഹാരം നൽകുകയും ചെയ്തു. കൊല്ലപ്പെട്ട 6 പേരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരമായി 10 ലക്ഷം രൂപ വീതവും കുടുംബത്തിലുളള ഒരാൾക്ക് ജോലിയും നൽകി. വെടിവയ്പ്പിൽ പരിക്കേറ്റ് അതീവ ഗുരുതരാവസ്ഥയിൽ ആശുപത്രിയിൽ കഴിയുന്ന ഷംസുദ്ദീൻ, നസീമുദ്ദീൻ എന്നിവരുടെ കുടുംബത്തിലുള്ള ഓരോ ആൾക്കുകൂടി ജോലി നൽകാനുള്ള നടപടി സ്വീകരിക്കണം. അതോടൊപ്പം വീടും വസ്തുവകകൾക്കുമുള്ള നഷ്ടപരിഹാരത്തുകയും വർദ്ധിപ്പിക്കണം.

<u>ശ്രീ. സി.ടി. അഹമ്മദ് അലി</u>: 17.5.2009-ൽ ചെറിയതുറയിൽ പോലീസ് വെടിവയ്പ് ഉണ്ടായത് സാമുദായിക സംഘർഷത്തെ തുടർന്നല്ല. കൂലിത്തല്ലും ഗുണ്ടാപ്പിരിവും കുലത്തൊഴിലാക്കിയ ഒരു ഗുണ്ട തുടങ്ങിവച്ച ക്രമസമാധാന പ്രശ്നമാണ് സംഘർഷത്തിനിടയാക്കിയത്. പോലീസ് വെടിവയ്പ്പിൽ 6 പേർ കൊല്ലപ്പെടുകയും നിരവധിപേർ മാരകമായ പരിക്കേറ്റ് ആശുപത്രിയിലുമാണ്. പോലീസ് മാന്വലിൽ പറയുന്ന നടപടിക്രമങ്ങൾ ഒന്നും പാലിക്കാതെയാണ് അവിടെ വെടിവയ്പ്പ് നടത്തിയത്. ഇത് സംബന്ധിച്ച് ശക്തമായ അന്വേഷണം നടത്തണം. ഈ സംഭവത്തിനുത്തരവാദികളായ പോലീസുകാരുടെ പേരിൽ കൊലക്കുറ്റത്തിന് കേസെടുക്കുകയും സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് ജുഡീഷ്യൽ അന്വേഷണം നടത്താൻ നടപടി സ്വീകരിക്കുകയും ചെയ്യണം. മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കുള്ള ധനസഹായം 25 ലക്ഷം രൂപയായി വർദ്ധിപ്പിക്കുകയും കൂടുതൽ പരിക്കേറ്റവർക്ക് 10 ലക്ഷം രൂപയിൽ കുറയാത്ത ധനസഹായം അനുവദിക്കുകയും ചെയ്യണം. അക്രമസംഭവങ്ങളിൽ അംഗഭംഗം

വന്നവരുടെ ആശ്രിതർക്ക് സർക്കാർ ജോലി നൽകുകയും അവരുടെ കുട്ടികളെ ദത്തെടുത്ത് സൗജന്യ വിദ്യാഭ്യാസം നൽകുകയും ചെയ്യണം. വീടും കച്ചവട സ്ഥാപനങ്ങളും മത്സ്യബന്ധന ഉപകരണങ്ങളും നഷ്ടപ്പെട്ടവർക്ക് അടിയന്തിരമായി ധനസഹായവും പരിക്കേറ്റവർ പൂർണ്ണസുഖം പ്രാപിക്കുന്നതുവരെ വിദഗ്ദ്ധ ചികിൽസ നൽകാനുള്ള നടപടിയും സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി <u>(ശ്രീ. എം. വിജയകുമാർ) :</u> ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കം എല്ലാ മന്ത്രിമാരും പ്രതിപക്ഷനേതാവും വിവിധ കക്ഷി നേതാക്കളും സ്ഥലം സന്ദർശിക്കുകയും പ്രശ്നത്തിലിടപെടുകയും വിവിധ സാമുദായിക സംഘടനകളുമായി ചർച്ച നടത്തുകയും ചെയ്തു. മൂന്ന് മന്ത്രിസഭാ യോഗങ്ങളിൽ ഈ വിഷയം ചർച്ച ചെയ്യുകയും തീരുമാനങ്ങളെടുക്കുകയും ചെയ്തു. ഇനിയും എന്തെങ്കിലും ചെയ്യണമെന്നുണ്ടെങ്കിൽ അതിനും ഗവൺമെന്റ് തയ്യാറാണ്. ഇത്തരത്തിലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള കാര്യങ്ങൾ ചെയ്തേ മതിയാവൂ. മേയ് 16-ന് സംഘർഷം നടന്നുവെങ്കിലും അത് പോലീസ് ഇടപെട്ട് പരിഹരിച്ചു. പിന്നീട് അപ്രതീക്ഷിതമായാണ് മേയ് 17-ാം തീയതി വെടിവയ്പ് ഉണ്ടായത്. സംഘർഷത്തിലും വെടിവയ്പിലും ആറ് പേർ ദാരുണമായി കൊല്ലപ്പെടുകയും 44 പേർക്ക് പരിക്കുപറ്റുകയും ചെയ്തു. 14 പോലീസ് ഓഫീസർമാർക്കും 5 ഫയർ ഫോഴ്സ് ഉദ്യോഗസ്ഥർക്കും പരിക്കുപറ്റി. 33 വീടുകൾക്കും നാല് കടകൾക്കും നാശനഷ്ടം സംഭവിക്കുകയും 26 വള്ളങ്ങൾ, വലകൾ തുടങ്ങിയവ നശിപ്പിക്കപ്പെടുകയുമുണ്ടായി. സംഭവ സ്ഥലത്തുനിന്നും 32 നാടൻ

ബോംബുകൾ കണ്ടെടുത്ത് നിർവീര്യമാക്കുകയുണ്ടായി. സംഭവവുമായി ബന്ധപ്പെട്ട് 26 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും ശംഖുമുഖം എ.എസ്.ഐ, സിറ്റി അസിസ്റ്റന്റ് പോലീസ് കമ്മീഷണർ, പൂന്തുറ സി.ഐ, വലിയതുറ എസ്.ഐ. എന്നിവരെ അന്വേഷണവിധേയമായി സർവ്വീസിൽ നിന്ന് സസ്പെൻഡ് ചെയ്യുകയും അവർക്കെതിരെ കൊലക്കുറ്റത്തിന് കേസ്സെടുക്കുകയും ക്രൈം ബ്രാഞ്ചിനെക്കൊണ്ട് അന്വേഷണം നടത്തി വരികയുമാണ്. സംഭവത്തിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് ധനസഹായവും അവരുടെ ആശ്രിതരിൽ ഒരാൾക്ക് സർക്കാർ ജോലിയും നൽകാനും ഗുരുതരമായി പരിക്ക് പറ്റിയവർക്ക് ചികിത്സാസഹായം നൽകുന്നതിനും നഷ്ടപരിഹാരമായി 20 കുടുംബങ്ങൾക്ക് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ധനസഹായം നൽകാനും തീരുമാനിച്ചിട്ടുണ്ട്. ഈ സംഭവുമായി ബന്ധപ്പെട്ട സാമൂഹ്യ വിരുദ്ധനെ അറസ്റ്റ് ചെയ്തിട്ടുണ്ട്. അന്വേഷണത്തിനായി ഒരു സിറ്റിംഗ് ജഡ്ജിയുടെ സേവനം വിട്ടുതരാൻ ഹൈക്കോടതിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ മേലിൽ ആവർത്തിക്കാതിരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): മേലിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ പൂർണ്ണമായി സഹകരിക്കും. സിറ്റിംഗ് ഹൈക്കോടതി ജഡ്ജിയെ ലഭിച്ചില്ലെങ്കിൽ സിറ്റിംഗ് ഡിസ്ട്രിക്ട് ജഡ്ജിയെക്കൊണ്ടെങ്കിലും അന്വേഷണം നടത്തണം. നിശ്ചയിച്ചിട്ടുള്ള നഷ്ടപരിഹാരം എത്രയും വേഗം നൽകുന്നതിനോടൊപ്പം തുക വർദ്ധിപ്പിക്കുന്നതിനുവേണ്ട നടപടികളും സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ഹൈക്കോടതി സിറ്റിംഗ് ജഡ്ജിയെ ലഭിക്കാൻ ബുദ്ധിമു

ട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ടെങ്കിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി വീണ്ടും കത്തയയ്ക്കുകയും ഡിസ്ട്രിക് ജഡ്ജിയെയെങ്കിലും നൽകണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. മറ്റു വിഷയങ്ങളെ സംഡിച്ച് ചർച്ച ചെയ്ത് തീരുമാനിക്കാവുന്നതാണ്.

(3) കടൽ ഭിത്തി നിർമ്മാണം

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: അഴിക്കോട് പഞ്ചായത്തിലെ മീൻകുന്ന് പ്രദേശത്തിന്റെ വടക്ക് ഭാഗത്ത് രൂക്ഷമായി കടലാക്രമണം ഉണ്ടാകുന്ന സ്ഥലത്തേയ്ക്ക് കടൽ ഭിത്തി മാറ്റി നിർമ്മിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി. (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): 675 മീറ്റർ കടൽ ഭിത്തി നിർമ്മിക്കുന്നതിനുവേണ്ടി കരാറുകാരനുമായി എഗ്രിമെന്റ് വച്ചു കഴിഞ്ഞു. പദ്ധതി നിർവ്വഹണം മാറ്റി ചെയ്യാൻ കഴിയുമോയെന്നത് സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരും എം.എൽ.എ.യുമായി ആലോചിക്കാവുന്നതാണ്.

(4) ചുഴലിക്കാറ്റിനെത്തുടർന്ന് നാശനഷ്ടം സംഭവിച്ചവർക്ക് അടിയന്തിര സഹായം

ശ്രീ.ജോസഫ് എം. പുതുശ്ശേരി: മല്ലപ്പള്ളിയിലുണ്ടായ ചുഴലികൊടുങ്കാറ്റിൽ വീടും കടകളും കൃഷിയും നഷ്ടപ്പെട്ടവർക്ക് പരമാവധി സഹായം നൽകാൻ സർക്കാർ നടപടികൾ സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) മല്ലപ്പള്ളിയിലുണ്ടായ ചുഴലിക്കൊടുങ്കാറ്റിൽ നാശനഷ്ടം സംഭവിച്ചതിന്റെ കണക്കുകൾ സർക്കാരിന് ലഭിച്ചിട്ടുണ്ട് പൂർണ്ണമായി വീട് നഷ്ടപ്പെട്ട കുടുംബങ്ങളെ മാറ്റി പാർപ്പി

ക്കാൻ ക്യാമ്പ് തുറന്നിട്ടുണ്ട്. ഇലക്ട്രിസിറ്റി ബന്ധം പൂർണ്ണമായി പുന:സ്ഥാപിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചു. ഇപ്പോൾ സി.ആർ.എഫ്. മാനദണ്ഡം അനുസരിച്ചുള്ള ധനസഹായം നൽകുന്നത് അപര്യാപ്തമാണെന്നതിനാൽ മന്ത്രിസഭ അത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതാണ്. കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റിയോട് വിദഗ്ദ്ധ ടീമിനെ അയച്ച് മല്ലപ്പള്ളി ഉൾപ്പെടെയുള്ള സ്ഥലങ്ങൾ സന്ദർശിച്ച് പരിശോധന നടത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

(5) <u>ഹോമിയോ ഡോക്ടർമാർ നേരിടുന്ന പ്രതിസന്ധി</u>

<u>ശ്രീ. പി.സി. ജോർജ്</u> : 1986-ലെ ഹൈക്കോടതി വിധിയെ അടിസ്ഥാനമാക്കി ആരോഗ്യ വകുപ്പ് ഇറക്കിയ ഉത്തരവിൽ 21 വയസ്സ് പൂർത്തിയാക്കിയ ആർക്കും അംഗീകൃത വിദ്യാഭ്യാസം ലഭിച്ച് പുറത്തിറങ്ങുന്ന ഹോമിയോപ്പതി-ആയുർവേദ ഡോക്ടർമാർക്കൊപ്പം ചികിൽസ നടത്താമെന്നാണ് പറയുന്നത്. അംഗീകൃത വിദ്യാഭ്യാസ യോഗ്യത നേടിയ വിദ്യാർത്ഥികളെ ദോഷകരമായി ബാധിക്കുന്ന ഈ ഉത്തരവ് ഉടൻ പിൻവലിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ)</u> : സംസ്ഥാനത്തിന് മുഴുവൻ ബാധകമായ ഒരു ഏകീകൃത മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ട് നിലവിൽ വന്നിട്ടില്ല. മലബാർ മേഖലയ്ക്ക് പ്രത്യേക ആക്ടില്ലാത്ത സാഹചര്യത്തിൽ 1953-ലെ ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ട് അനുസരിച്ചാണ് ഇവിടെ അംഗീകൃത വിദ്യാഭ്യാസ യോഗ്യതയുള്ള ഹോമിയോപ്പതി പ്രാക്ടീഷണേഴ്സ് രജിസ്റ്റർ ചെയ്യുന്നത്. 1973-ലെ ഹോമിയോ സെൻട്രൽ കൗൺസിൽ ആക്ട് 1-8-1974-ൽ നിലവിൽ വന്നു. ഈ ആകട് പ്രകാരം അഞ്ച് വർഷത്തിൽ കുറയാതെ ഹോമിയോപ്പതി പ്രാക്ടീസ് ഉള്ളവർക്ക് ചികിൽസ നടത്താനുള്ള

യോഗ്യതയുടെ കാര്യത്തിൽ ഇളവ് അനുവദിക്കാവുന്നതാണ്. കേന്ദ്ര നിയമം നിലവിൽവരുമ്പോൾ സംസ്ഥാനമൊട്ടാകെ രജിസ്ട്രേഷൻ നിലവിലുണ്ടായിരുന്നില്ല. കുറേ വർഷത്തെ പരാതികളിന്മേൽ 2-11-1987-ൽ ഹൈക്കോടതി പുറപ്പെടുവിച്ച വിധിയിൽ, മലബാർ മേഖലയിൽ പ്രാക്ടീസ് ചെയ്യുന്ന നിർദ്ദിഷ്ട യോഗ്യത ഇല്ലാത്ത ഹോമിയോപ്പതി പ്രാക്ടീഷ്ണേഴ്സിനെ മറ്റ് വൈദ്യ ചികിൽസാ രീതികൾക്ക് ആക്ഷേപമില്ലെങ്കിൽ അവർ പ്രാക്ടീസ് ചെയ്യുന്നത് തടയരുതെന്ന് നിർദ്ദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് ഈ ഉത്തരവ് ഇറക്കിയിട്ടുള്ളത്. ഇതിൽ ആയുർവേദവും സിദ്ധയും ഉൾപ്പെടുത്തിയിട്ടുണ്ട്. യുനാനി ചികിൽസ കൂടെ ഉൾപ്പെടുത്തണമെന്ന ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. എന്നാൽ ഇതിനെതിരെ ക്വാളിഫൈഡായിട്ടുള്ള ആയുർവേദ-ഹോമിയോ വിദ്യാർത്ഥികളുടേയും അദ്ധ്യാപകരുടേയും ഭാഗത്തുനിന്ന് പ്രതിഷേധം ഉണ്ടായിട്ടുണ്ട്. സർക്കാർ ഉത്തരവിന്റെ മറവിൽ വ്യാജ പ്രാക്ടീഷണേഴ്സിന് സംരക്ഷണം നൽകാനോ രജിസ്ട്രേഷനോ ലൈസൻസോ കൊടുക്കാനോ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല. ഹൈക്കോടതി വിധിയുമായി ബന്ധപ്പെട്ട് എന്തെങ്കിലും അപാകതകളുണ്ടോയെന്ന് പരിശോധിച്ച് യുക്തമായ നടപടി സ്വീകരിക്കുന്നതാണ്.

(6) <u>ശ്രവണ വൈകല്യമുള്ള വിദ്യാർത്ഥികളുടെ തുടർ വിദ്യാഭ്യാസം</u>

<u>ശ്രീ. ബാബു പോൾ</u> : ശ്രവണ വൈകല്യമുള്ള നൂറുകണക്കിന് വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി. കഴിഞ്ഞ് തുടർ പഠന സൗകര്യമില്ലാതെ ബുദ്ധിമുട്ടുകയാണ്. ഇവർക്ക് ഹയർ സെക്കണ്ടറി സ്പെഷ്യൽ സ്കൂൾ നിർബന്ധമായും അനുവദിക്കണം. സംസ്ഥാനത്തുള്ള പന്ത്രണ്ട് ഹയർ സെക്കണ്ടറി സ്കൂളുകളിൽ 240 പേർക്കാണ് പഠന സൗകര്യമുള്ളത്. ഓരോ വർഷവും 25 ശതമാനം പേർക്ക് മാത്രമാണ് പ്രവേശനം ലഭിക്കുന്നത്.

ഹയർ സെക്കണ്ടറി സ്കൂളുകളിൽ ആവശ്യത്തിന് സൗകര്യമില്ല. കോഴിക്കോട്, തൃശ്ശൂർ പോളിടെക്നിക്കുകളിലും തിരുവനന്തപുരം വനിതാ പോളിടെക്നിക്കിലും ഇവർക്കുവേണ്ടി പ്രത്യേക ബാച്ച് ആരംഭിക്കുന്നതിന് 2005-ൽ എടുത്ത തീരുമാനം ഇതുവരെയും നടപ്പാക്കിയിട്ടില്ല. എല്ലാ ജില്ല കളിലും ഓരോ ഹയർ സെക്കണ്ടറി സ്പെഷ്യൽ സ്കൂൾ ആരംഭിക്കുന്ന തിനും തെരഞ്ഞെടുക്കപ്പെട്ട പോളിടെക്നിക്കുകളിൽ ഇവർക്കുവേണ്ടി പ്രത്യേക മായി ഓരോ ബാച്ച് കോഴ്സ് ആരംഭിക്കുന്നതിനും നടപടി ഉണ്ടാകണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ ബേബി): എസ്.എസ്.എൽ.സി. പാസ്സായി ഉന്നതപഠനത്തിന് യോഗ്യത നേടുന്ന ശാരീരികമായും മാനസികവുമായി വ്യത്യസ്തമായ കഴിവുകളുള്ള കുട്ടികൾക്ക് തുടർ പഠനത്തിന് വേണ്ട സൗകര്യം സർക്കാർ ചെയ്തു കൊടുക്കുന്നുണ്ട്. 40 ശതമാനത്തിൽ കുറയാത്ത വൈകല്യമുണ്ടെന്ന് തെളിയിക്കുന്നവർക്ക് സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ പ്രാഥമിക യോഗ്യത യുള്ളപക്ഷം ആദ്യ ഓപ്ഷനിൽ തന്നെ പ്ളസ് വൺ-ന് അഡ്മിഷൻ നൽകുന്നുണ്ട്. ശ്രവണവൈകല്യമുള്ള കുട്ടികളുടെ തുടർ വിദ്യാഭ്യാസത്തി നായി 8 വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. ഇൻക്ളൂസീവ് എഡ്യൂക്കേഷൻ എന്ന പൊതു കാഴ്ചപ്പാട് ഉൾക്കൊണ്ടു കൊണ്ട് എസ്.എസ്.എൽ.സി. വിജയകരമായി പൂർത്തിയാക്കിയാൽ തുടർന്ന് പഠിക്കാൻ താൽപ്പര്യമുള്ള മുഴുവൻ കുട്ടികൾക്കുമുള്ള സൗകര്യം ഇപ്പോൾ നിലവിലുണ്ട്. ആവശ്യമെങ്കിൽ അധിക സീറ്റുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(7) മെയിന്റനൻസ് ആന്റ് വെൽഫയർ ഓഫ് പാരന്റ്സ് ആന്റ് സീനിയർ സിറ്റിസൺസ് ആക്ട്.

ശ്രീ. വി.ഡി. സതീശൻ: ഗസറ്റ് നോട്ടിഫിക്കേഷൻ നടത്തിയും മെയിന്റനൻസ് ട്രിബ്യൂണൽ, അപ്പലേറ്റ് ട്രിബ്യൂണൽ, വൃദ്ധസദനങ്ങൾ എന്നിവ സ്ഥാപിച്ചുകൊണ്ടും സർക്കാർ ആശുപത്രികളിൽ ജെറിയാട്രിക് കെയർ ഡിപ്പാർട്ട്മെന്റുകൾ ആരംഭിച്ചും ജില്ലാ സോഷ്യൽ വെൽഫയർ ഓഫീസറെ മെയിന്റനൻസ് ഓഫീസറായി നിയമിച്ചുകൊണ്ടും മുതിർന്ന പൗരന്മാരുടെയും മാതാപിതാക്കളുടെയും സംരക്ഷണം ഉറപ്പു വരുത്തുന്നതിന് 2007-ൽ പാർലമെന്റ് പാസ്സാക്കിയ മെയിന്റനൻസ് ആന്റ് വെൽഫയർ ഓഫ് പാരന്റ്സ് ആന്റ് സീനിയർ സിറ്റിസൺസ് ആക്ട് ഈ സംസ്ഥാനത്ത് നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): ഗവണ്മെന്റ് ഓഫ് ഇൻഡ്യയുടെ മെയിന്റനൻസ് ആന്റ് വെൽഫയർ ഓഫ് പാരന്റ്സ് ആന്റ് സീനിയർ സിറ്റിസൺസ് ആക്ട് 24-9-08 മുതൽ കേരളത്തിൽ പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. ഈ ആക്ടിലെ നിബന്ധനയനുസരിച്ച് റവന്യൂ ഡിവിഷണൽ ഓഫീസർമാരെ മെയിന്റനൻസ് ട്രിബ്യൂണലായി നാമനിർദ്ദേശം ചെയ്യാനുള്ള പ്രൊപ്പോസലായിട്ടുണ്ട്; ജില്ലാ കളക്ടറെ അപ്പലേറ്റ് ട്രിബ്യൂണലായും ജില്ലാ സാമൂഹ്യക്ഷേമ ഓഫീസറെ മെയിന്റനൻസ് ഓഫീസർമാരായും നിയമിക്കാൻ ഉദ്ദേശിക്കുന്നു. ആക്ടിൽ വിഭാവനം ചെയ്യുന്നതുപ്രകാരം മെയിന്റനൻസ് ഓഫീസർ, മെയിന്റനൻസ് ട്രിബ്യൂണൽ, അപ്പലേറ്റ് ട്രിബ്യൂണൽ, എന്നിവരെ നാമനിർദ്ദേശം ചെയ്യാനുള്ള തീരുമാനം എടുക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നിയമ വകുപ്പിന് അയച്ചുകൊടുത്തിട്ടുണ്ട്; ഇതു സംബന്ധിച്ച കരട് റിപ്പോർട്ട് നിയമവകുപ്പിന്റെ

സൂക്ഷ്മപരിശോധനയിലാണ്. മന്ത്രിസഭയുടെ അംഗീകാരത്തോടെ ഈ നിർദ്ദേശങ്ങൾ എത്രയുംവേഗം നടപ്പിലാക്കാൻ ഗവണ്മെന്റ് തയ്യാറാണ്. മേജർ ഹോസ്പിറ്റലുകളിലെല്ലാം ജെറിയാട്രിക് കെയറിന് പ്രത്യേക ഒ.പി.-യും വാർഡും ആരംഭിക്കാനുള്ള നിർദ്ദേശം കൊടുത്തുകഴിഞ്ഞിട്ടുണ്ട്. പല സ്ഥലങ്ങളിലും ഇതിനോടകം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ വർഷം ഈ ആക്ട് നടപ്പിലാക്കാനാണ് പരിശ്രമിക്കുന്നത്.

(8) <u>ചാലക്കുടി മണ്ഡലത്തിലെ പുറമ്പോക്ക് നിവാസികൾക്ക് പട്ടയം</u>

<u>ശ്രീ. ബി. ഡി. ദേവസ്സി:</u> ജോയിന്റ് വെരിഫിക്കേഷൻ നടത്തി റിപ്പോർട്ട് സമർപ്പിച്ചെങ്കിലും ഇതുവരെയും ചാലക്കുടി നിയോജകമണ്ഡലത്തിലെ മലയോര കർഷകർക്ക് പട്ടയം നൽകാനുള്ള നടപടി ആയിട്ടില്ല. കൂടാതെ ട്രാംപ് വേ മേച്ചിൽപ്പുറം, പുളിയിലപ്പാറ കോളനി എന്നിവിടങ്ങളിൽ റോഡ്-തോട് പുറമ്പോക്കുകളിൽ താമസിക്കുന്ന നിരവധി പേർക്കും പട്ടയം ലഭിക്കാനുണ്ട്. പട്ടയം ലഭിക്കാത്തതിനാൽ വായ്പകളും മറ്റ് ആനുകൂല്യങ്ങളും ലഭിക്കുന്നില്ല. ഇവർക്ക് പട്ടയം നൽകാനുള്ള നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. രാജേന്ദ്രൻ):</u> ട്രാംപ് വേ പ്രദേശത്ത് താമസിക്കുന്നവർക്ക് പട്ടയം നൽകാൻ കഴിഞ്ഞ മന്ത്രിസഭായോഗം തീരുമാനിച്ചിട്ടുണ്ട്. തൃശൂർ ജില്ലയിലെ മേച്ചിൽപ്പുറം എന്ന സ്ഥലത്ത് താമസിച്ചുവരുന്ന ആയിരത്തോളം കുടുംബങ്ങൾക്കും പട്ടയം നൽകാനുള്ള നടപടി സ്വീകരിച്ചുവരികയാണ്. റോഡ്, പുഴ, തോട്, കനാൽ പുറമ്പോക്കുകളിൽ താമസിക്കുന്നവർക്ക് പട്ടയം നൽകാൻ നിലവിലുള്ള വ്യവസ്ഥകളിൽ ചില തടസ്സങ്ങളുണ്ട്. ഇവർക്കുകൂടി പട്ടയം നൽകാനുള്ള ചർച്ചകൾ ഗവണ്മെന്റ് തലത്തിൽ നടന്നുവരുന്നു. 1-1-77-നു മുമ്പ് കുടിയേറിയ മലയോര കർഷകരുടെ പട്ടയവിതരണം സംബന്ധിച്ച കേസ്സിൽ സുപ്രീംകോടതിയിൽ നിന്നും

സംസ്ഥാന സർക്കാരിന് അനുകൂലമായ വിധി നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഇവർക്കുകൂടി പട്ടയം നൽകാനുള്ള നടപടി ത്വരിതപ്പെടുത്തിയിട്ടുണ്ട്.

(9) കുന്തിപ്പുഴയ്ക്കുകുറുകെ പാലം

ശ്രീ. സി.പി. മുഹമ്മദ് : പട്ടാമ്പിയിലെ എടപ്പലത്ത് കുന്തിപ്പുഴയ്ക്കു കുറുകെ പാലം നിർമ്മിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്) : പഞ്ചായത്ത് സ്ഥലം വിട്ടുതന്നാൽ മാത്രമേ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന പ്രദേശങ്ങളിലും റോഡുകളിലും മരാമത്ത് വകുപ്പിന് നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ പറ്റുകയുള്ളൂ. ഈ വർഷം 100 പാലങ്ങൾ നിർമ്മിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. കുന്തിപ്പുഴയ്ക്കു കുറുകെയുള്ള പാലത്തിന്റെ കാര്യത്തിൽ പഞ്ചായത്ത് റസൊല്യൂഷന്റെ അടിസ്ഥാനത്തിൽ പ്രായോഗികമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(10) ലവകുമാറിന്റെ അസ്വാഭാവിക മരണം

ശ്രീ. സി.കെ.പി. പത്മനാഭൻ : തളിപ്പറമ്പ് മണ്ഡലത്തിൽ കുറ്റിക്കോൽ സ്വദേശി ലവകുമാറിന്റെ അസ്വാഭാവിക മരണം സംബന്ധിച്ച് പ്രത്യേക ഏജൻസിയെക്കൊണ്ട് അന്വേഷിപ്പിച്ച് സത്യാവസ്ഥ പുറത്തുകൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : ലവകുമാറിന്റെ അസ്വാഭാവിക മരണം സംബന്ധിച്ച് വളപട്ടണം പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഹൃദയസംബന്ധമായ അസുഖംമൂലം മരണപ്പെട്ടതാകാമെന്നാണ് പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ പറയുന്നത്. രാസപരിശോധനാ റിപ്പോർട്ട്കൂടി ലഭിച്ചാൽ മാത്രമേ മരണ

കാരണം വ്യക്തമാകുകയുള്ളൂ. മരണത്തിൽ സംശയം ഉളവായിട്ടുള്ള സാഹചര്യത്തിൽ തുടരന്വേഷണം ക്രൈം ബ്രാഞ്ചിനെ ഏല്പിക്കുന്നതാണ്.

(11) <u>സുനാമി പുനരധിവാസ പ്രവർത്തനങ്ങൾ</u>

<u>ശ്രീ. പി. തിലോത്തമൻ</u> : സുനാമി പദ്ധതി പ്രവർത്തനങ്ങൾ സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. രാജേന്ദ്രൻ)</u> : സുനാമി ബാധിതരുടെ പുനരധിവാസത്തിനും പ്രസ്തുത പ്രദേശങ്ങളുടെ പുനരുദ്ധാരണത്തിനുമായി കേന്ദ്രസർക്കാരന്റെ സഹായത്തോടെ സുനാമി അടിയന്തിര സഹായ പദ്ധതി (TEAP), സുനാമി പുനരധിവാസ പദ്ധതി (TRP) എന്നിവയാണ് സംസ്ഥാന സർക്കാർ നടപ്പിലാക്കുന്നത്. സുനാമി റിഹാബിലിറ്റേഷൻ സ്കീമുകളിൽ വിഭാവനം ചെയ്തിട്ടുള്ള ഭൂരിഭാഗം പദ്ധതികളുടേയും പണി പൂർത്തിയാക്കുകയും നീക്കിയിരുപ്പ് തുക ഉപയോഗിച്ച് വിവിധ വകുപ്പുകൾവഴി കൂടുതൽ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്. വീടുകളുടെ നിർമ്മാണവും സ്ഥലമെടുപ്പ് നടപടികളും പുരോഗമിച്ചുവരികയാണ്. വിവിധ വകുപ്പുകളുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന പദ്ധതികളിൽ 70 ശതമാനത്തിലധികം പൂർത്തിയായിക്കഴിഞ്ഞു. കൂടാതെ ചില സ്ഥലങ്ങളിൽ സ്പെഷ്യൽ പാക്കേജുകളും നടപ്പിലാക്കിവരുന്നു. മുഴുവൻ പദ്ധതികളും 2009 ഡിസംബർ 31-നകം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. സുനാമി പുനരധിവാസ സെല്ലിന്റെ ഏകോപനത്തിൽ ജനപ്രതിനിധികളുടെ സജീവ പങ്കാളിത്തത്തോടെ സുതാര്യമായിട്ടാണ് പ്രസ്തുത പദ്ധതി പ്രവർത്തനങ്ങൾ നടത്തുന്നത്.

(12) <u>വല്ലാർപാടം പദ്ധതിക്കുവേണ്ടി ഒഴിപ്പിക്കപ്പെട്ടവരുടെപുനരധിവാസം</u>

<u>ശ്രീ. എ.എം. യൂസഫ്</u> : ആലുവ മണ്ഡലത്തിൽ ഏലൂർ പഞ്ചായത്തിൽ വല്ലാർപാടം കണ്ടെയ്നർ ട്രാൻസ്ഷിപ്മെന്റ് ടെർമിനൽ പദ്ധതിക്ക് സ്ഥലം വിട്ടുകൊടുത്ത ടി.ടി.സി. ക്വാർട്ടേഴ്സ് പരിസരത്ത് താമസിക്കുന്ന കുടുംബ ങ്ങളെ പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. രാജേന്ദ്രൻ)</u> : വല്ലാർപാടം കണ്ടെയ്നർ ട്രാൻസ്ഷിപ്മെന്റ് ടെർമിനൽ പദ്ധതിക്കുവേണ്ടി ഒഴിപ്പിക്കപ്പെട്ട കുടുംബങ്ങളുടെ പുനരധിവാസത്തിനുവേണ്ടി രൂപം നൽകിയ സമഗ്ര പുനരധിവാസ പാക്കേജിൽ സാങ്കേതിക കാരണങ്ങളാൽ ഉൾപ്പെടാതെപോയ ചില കുടുംബങ്ങളുടെ കാര്യത്തിൽ ഉചിതമായ പരിഹാരം കാണുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(13) <u>എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിലെ മാർക്കുകൾ</u>

<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u>: 2009 മാർച്ച് മാസത്തിൽ നടന്ന എസ്.എസ്. എൽ.സി. പരീക്ഷ പാസ്സായ കുട്ടികൾക്ക് നൽകിയ സർട്ടിഫിക്കറ്റുകളിൽ മാർക്കുകൾ മാഞ്ഞുപോയതിനെത്തുടർന്ന് വീണ്ടും സർട്ടിക്കറ്റ് ഇഷ്യൂ ചെയ്തെങ്കിലും അതിലെയും മാർക്കുകൾ മാഞ്ഞ് പോയ്ക്കൊണ്ടിരിക്കുന്ന പ്രശ്നത്തിന് അടിയന്തിരമായ പരിഹാരമുണ്ടാക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എം.എ. ബേബി)</u>: ഇത്തവണ എസ്.എസ്.എൽ.സി. പരീക്ഷ പാസ്സായ വിദ്യാർത്ഥി കൾക്ക് ഫോട്ടോ പതിപ്പിച്ച് നവീകരിച്ച സർട്ടിഫിക്കറ്റുകളാണ് നൽകിയത്. ദൗർഭാഗ്യവശാലുണ്ടായ ചില പ്രശ്നങ്ങൾ പ്രാദേശികമായി അദാലത്തുകൾ സംഘടിപ്പിച്ച് പരിഹരിച്ചിട്ടുണ്ട്. വീണ്ടും പ്രശ്നമുണ്ടായത് ഗൗരവമായി പരി

ശോധിക്കുന്നതാണ്. വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യുന്ന മാർക്ക് ലിസ്റ്റുകൾ ഉപയോഗിക്കാവുന്നതുകൊണ്ട് പ്ലസ് വൺ പ്രവേശനത്തിന് പ്രശ്നമാവില്ല. പ്രസ്തുത വിഷയം സംബന്ധിച്ചുള്ള പരാതികൾ പരിഹരിക്കാൻ ഗവൺമെന്റ് പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

**ധനകാര്യം**

2009-2010 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ
ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ -III-നീതിന്യായ നിർവ്വഹണം (127,55,67,000 രൂപ)

ധനാഭ്യർത്ഥന നമ്പർ -XII - പോലീസ് (691,77,17,000 രൂപ)

ധനാഭ്യർത്ഥന നമ്പർ -XIII - ജയിലുകൾ (31,85,67,000 രൂപ)

ധനാഭ്യർത്ഥന നമ്പർ -XLII - വിനോദസഞ്ചാരം (93,06,85,000 രൂപ)

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയേയും പോലീസ് എന്ന XII -ാം നമ്പർ ധനാഭ്യർത്ഥനയേയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയേയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥന

യേയും സംബന്ധിക്കുന്ന ചട്ടം 236 (3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്ത് വയ്ക്കുന്നു.

സർവ്വശ്രീ കെ. ബാബു, തിരുവഞ്ചൂർ രാധാകൃഷ്ണൻ, എൻ. ശക്തൻ, എം. മുരളി, എം.എ. വാഹീദ്, എ.പി. അനിൽകുമാർ, ടി.എൻ. പ്രതാപൻ, ജോർജ് മേഴ്സിയർ, കെ. ശിവദാസൻ നായർ, കെ. കുട്ടി അഹമ്മദ് കുട്ടി, വി.കെ. ഇബ്രാഹിം കുഞ്ഞ്, എം. ഉമ്മർ, കെ. മുഹമ്മദുണ്ണി ഹാജി, അബ്ദുറഹിമാൻ രണ്ടത്താണി, യു.സി. രാമൻ, ജോസഫ് എം. പുതുശ്ശേരി, തോമസ് ഉണ്ണിയാടൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. കെ. ശിവദാസൻ നായർ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പോലീസിന്റെ മുഖമുദ്രയ്ക്ക് കളങ്കമേൽപ്പിക്കുന്ന പല സംഭവങ്ങളും സംസ്ഥാന തലസ്ഥാനത്ത് നിരന്തരം ഉണ്ടാവുകയാണ്. കഴിഞ്ഞ രണ്ട് വർഷത്തെ ഭരണത്തിന്റെ ഫലമായി കേരളത്തിലെ ക്രമസമാധാനനില തകരുകയും ഗുണ്ട ആക്രമണങ്ങൾ വർദ്ധിക്കുകയും ചെയ്തു. ക്വട്ടേഷൻ സംഘങ്ങൾ തഴച്ചു വളരുകയും രാഷ്ട്രീയ കൊലപാതകങ്ങൾ അനുസ്യൂതം നടക്കുകയും ചെയ്യുന്നു. മോഷണവും കവർച്ചയും തട്ടിപ്പും വർദ്ധിക്കുകയും ക്ഷേത്ര കവർച്ചകൾ തുടരുകയും ചെയ്യുന്നു. ഹൈക്കോടതിയുൾപ്പെടെയുള്ള നീതിന്യായ കോടതികൾ ആഭ്യന്തര വകുപ്പിന്റെ പ്രവർത്തനത്തെ വിമർശിച്ചിട്ടും ഇതിന് പരിഹാരമുണ്ടാകുന്നില്ല. ചെറിയതുറ വെടിവയ്പ്പിനുമുമ്പ് പോലീസ് ജില്ലാ മജിസ്ട്രേറ്റിനെ വിവരം അറിയിക്കുകയോ പാലിക്കേണ്ട മുൻകരുതലുകളെടുക്കുകയോ ചെയ്യാതിരുന്നത് ആഭ്യന്തര വകുപ്പിന്റെ പരാജയമാണ്. സംസ്ഥാനത്തെ നഗരങ്ങളും ജില്ലാ ആസ്ഥാനങ്ങളും ചെറിയ പട്ടണ

ങ്ങൾപോലും ഗുണ്ടകളുടെ കൈപിടിയിലൊതുങ്ങുന്ന സാഹചര്യമുണ്ടായതിന്റെ ഉത്തരവാദിത്വം പോലീസിനാണ്. ഗുണ്ടാ സംഘങ്ങൾ സി.പി.എമ്മുമായി ബന്ധമുണ്ടാക്കി പോലീസിന്റെ സംരക്ഷണം നേടിയെടുത്തുകൊണ്ട് കേരളത്തിൽ വിരാജിക്കുകയാണ്. തിരുവനന്തപുരത്ത് ഗുണ്ടാ സംഘങ്ങൾ അന്യോന്യം വെട്ടിയും കുത്തിയും തേർവാഴ്ച്ച നടത്തുന്നു. അരുംകൊലകൾ നടക്കുമ്പോൾ ഇൻക്വസ്റ്റും മഹസ്സറും തയ്യാറാക്കുന്നതിനു വേണ്ടി മാത്രമാണ് പോലീസ് എത്തുന്നത്. ഗുണ്ടാ ആക്ട് നടപ്പാക്കുന്നതിനെ സംബന്ധിച്ച് ഇന്റലിജൻസ് എ.ഡി.ജി.പി. സർക്കാരിന് നൽകിയ റിപ്പോർട്ടിന്മേൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. മാർക്സിസ്റ്റുകാരെ അറസ്റ്റുചെയ്താൽ ഗുണ്ടാസംഘങ്ങൾ മാർക്സിസ്റ്റ് നേതൃത്വത്തിൽ പോലീസ് സ്റ്റേഷനിലേയ്ക്ക് മാർച്ച് നടത്തി പ്രതികളെ ബലമായി ഇറക്കിക്കൊണ്ടുവരികയാണ്. സംസ്ഥാനത്തെ ക്രമസമാധാന നില താറുമാറായിരിക്കുന്നു എന്ന് ഹൈക്കോടതി പറഞ്ഞപ്പോൾ പ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹരിക്കുന്നതിനും പകരം വിധിക്കെതിരെ അപ്പീൽ പോകുമെന്നാണ് ആഭ്യന്തര വകുപ്പുമന്ത്രി പ്രസ്താവിച്ചിരിക്കുന്നത്. ഡിസ്ട്രിക്ട് ജഡ്ജി ചൂണ്ടിക്കാട്ടിയ കുറ്റക്കാരനെതിരെ നടപടിയെടുക്കാൻ മടിക്കുന്ന പോലീസാണ് സംസ്ഥാനത്തുള്ളത്. കണ്ണൂർ സ്പെഷ്യൽ ജയിലിൽ ഗുരുതരമായ സ്ഥിതിവിശേഷമുണ്ടെന്ന് ജയിൽ അധികൃതർ തന്നെ ആഭ്യന്തരവകുപ്പിനെ അറിയിക്കേണ്ടുന്ന സാഹചര്യമുണ്ടായി. ക്രമസമാധാനനില തകർക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷമുണ്ടാക്കിയ നിരുത്തരവാദപരമായ ഒരു പോലീസ് വകുപ്പാണ് സംസ്ഥാനത്തുള്ളത്.

<u>ശ്രീ. എം പ്രകാശൻ മാസ്റ്റർ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കമ്മ്യൂണിറ്റി പോലീസിംഗ് സംവിധാനം ആദ്യമായി നടപ്പാക്കിയ സംസ്ഥാനം

കേരളമാണ്. പോലീസുകാർക്ക് 8 മണിക്കൂർ ഡ്യൂട്ടി, 24 മണിക്കൂർ പ്രവർത്തിക്കുന്ന വനിതാ ഹെൽപ്പ് ലൈൻ, കടലോര ജാഗ്രതാ സമിതികൾ, സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനു വേണ്ടിയുള്ള ഹൈടെക് എൻക്വയറി സെൽ തുടങ്ങി നിരവധി കാര്യങ്ങൾ ആഭ്യന്തരവകുപ്പിലൂടെ നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്. ഗുണ്ടാ നിയമം ഫലപ്രദമായി നടപ്പിലാക്കുകയും 300-ലേറെ ഗുണ്ടകളെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്: അശരണർക്ക് തുണയായി പോലീസ് സേന എല്ലായിടത്തും എത്തുന്നുണ്ട്. കഴിഞ്ഞ മൂന്നു കൊല്ലക്കാലവും ലോക്കപ്പ് മരണം ഉണ്ടായിട്ടില്ല. കേരളത്തിലെ ജനങ്ങൾക്ക് സമാധാനപരമായി ജീവിക്കാൻ കഴിയുന്ന സംവിധാനമുണ്ടാക്കിയിരിക്കുന്നു. പ്രശ്നങ്ങൾ അവധാനതയോടുകൂടി വ്യക്തമായി ചർച്ച ചെയ്ത് നടപടികൾ സ്വീകരിക്കുന്ന ഒരു സർക്കാരാണ് നിലവിലുള്ളത്. എസ്.എൻ.സി. ലാവ്‌ലിൻ കേസിന്റെ ഫൗണ്ടർ ഓഫ് കോൺസ്പിറസി ശ്രീ. ജി. കാർത്തികേയനാണെന്ന് പറഞ്ഞിട്ട് എന്തുകൊണ്ടാണ് അദ്ദേഹത്തെ പ്രതിസ്ഥാനത്തു നിന്ന് ഒഴിവാക്കിയതെന്ന് വ്യക്തമാക്കണം. ഗവർണ്ണർക്ക് അഡ്വക്കേറ്റ് ജനറൽ കൊടുത്തിരിക്കുന്ന റിപ്പോർട്ടിലും വൈദ്യുത പദ്ധതികൾക്കുവേണ്ട സാധനങ്ങൾ വാങ്ങുന്നതിനുള്ള കരാറിൽ ഒപ്പിട്ടിരിക്കുന്നത് ശ്രീ. ജി. കാർത്തികേയനാണെന്ന് വ്യക്തമായി പറഞ്ഞിട്ടുണ്ട്. സി.ബി.ഐ. രാഷ്ട്രീയപരമായാണ് പ്രവർത്തിച്ചിരിക്കുന്നതെന്നതിന് കൂടുതൽ തെളിവ് ആവശ്യമില്ല. എസ്.എൻ.സി. ലാവലിൻ കേസ്സിൽ ശ്രീ. പിണറായി വിജയനെ പ്രതിക്കൂട്ടിൽ നിറുത്താൻ ശ്രമിക്കുന്ന പ്രതിപക്ഷം ശ്രീ. ജി. കാർത്തികേയനെ സംരക്ഷിക്കാനാണ് ശ്രമിക്കുന്നത്. സ്വന്തം മന്ത്രിസഭയിലെ ആളുകളെ പുറത്താക്കാൻ ശ്രമിച്ചവരാണ് നിലവിലുള്ള മന്ത്രിസഭയുടെ കൂട്ടുത്തരവാദി

ത്വത്തെക്കുറിച്ച് പ്രസംഗിക്കുന്നത്. കേരളത്തിലെ ജനങ്ങൾക്ക് ഇതുപോലെ നേട്ടങ്ങളുണ്ടാക്കിയ ഗവൺമെന്റ് ഇതുവരെ ഉണ്ടായിട്ടില്ല. സംസ്ഥാന സർക്കാരിന്റെ നേട്ടങ്ങൾ അനുഭവിക്കാത്ത ഒരൊറ്റ മലയാളിയും കേരളത്തിലില്ല.

<u>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പോലീസ് വകുപ്പിന്റെ പ്രവർത്തനംമൂലം അപമാനിതരായി തലതാഴ്ത്തേണ്ട അവസ്ഥയാണ് ഇന്നുള്ളത്. കഴിവും സ്വഭാവഗുണവുമുള്ള പോലീസുകാർക്ക് പ്രവർത്തന സ്വാതന്ത്ര്യമില്ല. ഗുണ്ടകളുടെയും കൊലയാളികളുടെയും മുഖമാണ് ഇന്ന് പോലീസുകാർക്കുള്ളത്. പോലീസിന്റെ പരാക്രമങ്ങളാണ് ചെറിയതുറയിൽ വെടിവയ്പിൽ കൊണ്ടെത്തിച്ചത്. ഇതിനേക്കാൾ രൗദ്രമായ ഭാവങ്ങളും ക്രൂരകൃത്യങ്ങളും പോലീസിന്റെ ഭാഗത്തുനിന്നുണ്ടാകുമോ എന്ന ഭീതിയിലാണ് കേരളത്തിലെ ജനങ്ങൾ കഴിയുന്നത്. ചെറിയതുറയിൽ നടന്ന വെടിവയ്പിൽ നിരപരാധികളായ ആറ് മത്സ്യത്തൊഴിലാളികൾ കൊല്ലപ്പെടുകയും 37 പേർക്ക് മാരകമായി പരിക്കേൽക്കുകയും ചെയ്തു. ജില്ലാ മജിസ്ട്രേറ്റിന്റെ അനുമതിയില്ലാതെ വെടിവയ്പ് നടത്തിയവർക്കെതിരെ നടപടിയെടുക്കുന്നതിന് പകരം അവർക്ക് വി.ഐ.പി സെക്യൂരിറ്റി നൽകാനാണ് ആഭ്യന്തര വകുപ്പ് ശ്രമിക്കുന്നത്. പോലീസുകാർ തെറ്റ് ചെയ്താൽ അവർക്കെതിരെ നടപടിയെടുത്ത് അവരെ നിലയ്ക്ക് നിർത്തണം. ഒരു കാലത്തും ഇല്ലാത്ത വിധത്തിൽ ജനങ്ങൾ പോലീസിനെ ഭയക്കുന്ന അവസ്ഥയാണുള്ളത്. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി പറയുന്നതുപോലെ പ്രവർത്തിക്കുന്ന പോലീസുദ്യോഗസ്ഥരാണ് ഇന്നുള്ളത്.

<u>ശ്രീ. പി. തിലോത്തമൻ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വിവിധ മേഖലകളിൽ പുരോഗതി കൈവരിക്കാനും സമാധാനപരമായ അന്തരീക്ഷം

സൃഷ്ടിക്കാനും മൂന്ന് വർഷത്തെ പ്രവർത്തനംകൊണ്ട് ഈ ഗവൺമെന്റിന് കഴിഞ്ഞു. പോലീസിനെ ജനങ്ങളോട് കൂടുതൽ അടുപ്പിക്കാനും ജനസേവകരാക്കി മാറ്റാനുംവേണ്ടി ആവിഷ്ക്കരിച്ച ജനമൈത്രി സുരക്ഷാ പദ്ധതി ചേർത്തല പോലീസ് സ്റ്റേഷനിൽ ഉൾപ്പെടെ ഇരുപത് പോലീസ് സ്റ്റേഷനുകളിൽ നടപ്പാക്കുകയുണ്ടായി. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ജനകീയ സമരങ്ങളെ അടിച്ചമർത്തുന്നതിനാണ് പോലീസിനെ ഉപയോഗിച്ചിരുന്നത്. അസമാധാനത്തിന്റെ നാളുകൾ പിന്നിട്ട ആ പോലീസ് സേനയെ ശരിയായ ദിശയിലൂടെ നയിച്ചുകൊണ്ട് കേരളത്തിൽ മൗലികമായ മാറ്റം വരുത്താൻ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് കഴിഞ്ഞു. നിത്യേന വർദ്ധിച്ചുകൊണ്ടിരിക്കുന്ന റോഡപകടങ്ങൾ കുറയ്ക്കാൻ ജാഗ്രത പുലർത്തികൊണ്ട് ബോധവൽക്കരണ പ്രവർത്തനങ്ങളുമായി പോലീസ് മുന്നോട്ട് പോയിക്കൊണ്ടിരിക്കുകയുമാണ്. കേരള പോലീസ് ആക്ട് കാലാനുസൃതമായി പരിഷ്കരിക്കാൻ നടപടി സ്വീകരിച്ച ഗവൺമെന്റാണിത്. പോലീസ് സേനയ്ക്ക് നൽകിക്കൊണ്ടിരുന്ന ട്രെയിനിംഗിൽ മാറ്റം വരുത്തി. ഈ ഗവൺമെന്റിന്റെ പ്രഖ്യാപിത പോലീസ് നയത്തെ വികലമാക്കാനും വളച്ചൊടിക്കാനും നടത്തുന്ന പ്രവർത്തനങ്ങളെ വളരെ ജാഗ്രതയോടുകൂടി കൈകാര്യം ചെയ്യണം. സംസ്ഥാനത്ത് ആദ്യമായി സ്ത്രീകളുടെ സുരക്ഷയ്ക്കായി എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന വനിതാ ഹെൽപ്പ് ലൈനും റോഡപകടങ്ങൾ കുറയ്ക്കാൻ ഹൈവേകളിൽ സുരക്ഷാ ജാഗ്രത സമിതിയും രൂപീകരിക്കുകയുണ്ടായി. പോലീസ് സേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ഉപകാരപ്രദമാക്കുന്നതിനും പതിനഞ്ചിന പരിപാടിക്ക് രൂപം നൽകി. മതതീവ്രവാദത്തിന്റേയും ഭീകരവാദത്തിന്റേയും ദുഷ്ക്കരമായ അവസ്ഥയിൽ

നിൽക്കുന്ന ഇൻഡ്യാ രാജ്യത്ത് കേരളം വേറിട്ടൊരു തുരുത്തായി നിൽക്കുകയാണ്. തീവ്രവാദ പ്രവർത്തനങ്ങളിൽ നിന്നും സംസ്ഥാനത്തെ സംരക്ഷിച്ചു നിർത്താൻ പോലീസ് വളരെ ജാഗ്രതയോടുകൂടി പ്രവർത്തിക്കുന്നുണ്ട്. ടൂറിസം രംഗത്ത് വളരെ മെച്ചപ്പെട്ട പ്രവർത്തനങ്ങളാണ് ഈ കാലയളവിൽ നടന്നിട്ടുള്ളത്. ടൂറിസം രംഗത്ത് ധാരാളം പദ്ധതികൾ ആവിഷ്കരിക്കുകയുണ്ടായി. ടൂറിസ്റ്റ് കേന്ദ്രങ്ങൾ വളർത്തുന്നതുവഴി നാട്ടിൻപുറത്തെ ചെറുപ്പക്കാർക്ക് ധാരാളം തൊഴിലവസരങ്ങളുണ്ടാകും. ഹൗസ് ബോട്ടുകൾ പുറന്തള്ളുന്ന മാലിന്യങ്ങൾമൂലം വേമ്പനാട് കായൽ മലിനപ്പെടുകയും പകർച്ചവ്യാധികൾ പടർന്നുപിടിക്കുകയും ചെയ്യുന്നതിനാൽ അത്തരം മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള സമഗ്രമായ പദ്ധതി ആവിഷ്ക്കരിക്കണം. ചേർത്തലയിലെ ദ്വീപുകളേയും കായൽപ്പരപ്പിനേയും ഉൾപ്പെടുത്തിക്കൊണ്ട് ടൂറിസം പദ്ധതി ആവിഷ്കരിക്കണം. ജയിൽ രംഗത്ത് ധാരാളം പരിഷ്കാരങ്ങൾ ഇപ്പോൾ ഏർപ്പെടുത്തിയിട്ടുണ്ട്. സബ് ജയിലിൽ കഴിയുന്ന പ്രതികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തണം.

ശ്രീ. വി. സുരേന്ദ്രൻ പിള്ള: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നീതിന്യായ നിർവ്വഹണ രംഗത്തും ക്രമസമാധാനപാലന രംഗത്തും കഴിഞ്ഞ മൂന്ന് വർഷക്കാലം വളരെ മാതൃകാപരമായാണ് ഈ ഗവൺമെന്റ് പ്രവർത്തിച്ചിട്ടുള്ളത്. യു.ഡി.എഫ്-ന്റെ കാലത്ത് ലോക്കപ്പ് മരണങ്ങൾ നിത്യസംഭവമായിരുന്നെങ്കിൽ ഇപ്പോൾ ലോക്കപ്പ് മരണങ്ങളില്ല. ക്രമസമാധാന രംഗത്ത് വലിയ മാറ്റമുണ്ടാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. പോലീസ് സേനയ്ക്ക് കാര്യക്ഷമമായി പ്രവർത്തിക്കാനുള്ള അവസരമുണ്ടാക്കി. പോലീസ് കോൺസ്റ്റബിളായി ജോലിയിൽ പ്രവേശിക്കുന്നവർക്ക് നിശ്ചിത സർവ്വീസ് പൂർത്തിയാക്കുമ്പോൾ

പ്രൊമോഷൻ നൽകുന്നതിനുള്ള നടപടികളെടുത്തു. ചെറിയതുറയിലുണ്ടായ പോലീസ് വെടിവയ്പ്പിന്റെ തീവ്രത മനസ്സിലാക്കി ഈ സർക്കാർ ഉണർന്നു പ്രവർത്തിച്ചു. വെടിവയ്പ്പിൽ മരിച്ചവരുടെ കുടുംബാംഗങ്ങളുമായും എല്ലാ വിഭാഗം സംഘടനകളുമായും ഗവൺമെന്റ് ചർച്ച നടത്തുകയും ആ പ്രദേശത്തെ സംഘർഷം അവസാനിപ്പിക്കാൻ ശക്തമായ നടപടി സ്വീകരിക്കുകയും ചെയ്തു. കുറ്റക്കാരെ മാതൃകാപരമായി ശിക്ഷിക്കാനും നടപടി സ്വീകരിച്ചു. മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്ക് നൽകിയ നഷ്ട പരിഹാരത്തുക വർദ്ധിപ്പിക്കണം. ഗുണ്ടാ ആക്രമണത്തിലെ പ്രതികളെ പിടികൂടാനും ജയിലിലടയ്ക്കാനും ഈ ഗവൺമെന്റ് സത്വര നടപടി സ്വീകരിച്ചു.

ശ്രീ. യു.സി. രാമൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ക്വട്ടേഷൻ സംഘങ്ങളുടെ ഭരണമാണ് ഇന്ന് കേരളത്തിൽ നടക്കുന്നത്. ഈ സർക്കാർ രാഷ്ട്രീയ എതിരാളികളെ ഒതുക്കുന്നതിനുമാത്രമാണ് ഗുണ്ടാ നിയമം ഉപയോഗിക്കുന്നത്. ജയിലുകൾ പലർക്കും തീറെഴുതിക്കൊടുക്കുന്ന പ്രവണതയാണ് ഇപ്പോൾ കാണുന്നത്. ജയിലുകളിലെ മൊബൈൽ ജാമറുകൾ പ്രവർത്തനക്ഷമമാക്കണം. ജയിൽ പരിഷ്ക്കരണ റിപ്പോർട്ട് നടപ്പിലാക്കാൻ നടപടി സ്വീകരിക്കണം. ദൈവത്തിന്റെ സ്വന്തം നാടായ കേരളം ഇപ്പോൾ ഗുണ്ടകളുടെ പറുദീസയായി മാറിയിരിക്കുകയാണ്. ഗുണ്ടകൾ അരങ്ങു വാഴുന്നതുമൂലം വിനോദസഞ്ചാരികൾ കേരളത്തോട് വിട പറയുന്ന സ്ഥിതി സംജാതമായിരിക്കുന്നു. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ശുചിത്വം ഉറപ്പുവരുത്തണം. വേമ്പനാട് കായലിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ഹോട്ടലുകളിലേയും ബാറുകളിലേയും തീവ്രത കൂടിയ ലൈറ്റുകൾ പക്ഷികൾക്ക് കടന്നു

വരുന്നതിന് വിഘാതമുണ്ടാകുന്നുണ്ടെന്ന് വേമ്പനാട് നാച്ചർ ക്ലബ്ബ് നടത്തിയ പഠനത്തിൽ വ്യക്തമാക്കുന്നുണ്ട്. അതിന് പരിഹാരം കാണണം.

ശ്രീമതി കെ.കെ. ലതിക: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ് കേരളത്തിൽ ഏറ്റവും കൂടുതൽ പോലീസ് അതിക്രമങ്ങളുണ്ടായിട്ടുള്ളത്. അന്ന് പ്രതികളെ സംരക്ഷിക്കുന്ന സമീപനമാണുണ്ടായിരുന്നത്. അതിൽനിന്നും വ്യത്യസ്തമായി കഴിഞ്ഞ മൂന്ന് വർഷത്തെ ഭരണംകൊണ്ട് പോലീസ് ജനങ്ങളുടെ മിത്രങ്ങളായി മാറുന്ന അവ സ്ഥയുണ്ടാക്കിയെടുക്കാൻ സാധിച്ചു. ഏതെങ്കിലും തരത്തിലുള്ള പ്രശ്നങ്ങളും കേസ്സുകളും ഉണ്ടാകുമ്പോൾ യഥാർത്ഥ പ്രതികളെ കണ്ടെത്താനും അവരെ അറസ്റ്റ് ചെയ്യാനുമുള്ള നടപടിയുണ്ടാകുന്നു. ചെറിയതുറയിൽ രണ്ട് വിഭാഗങ്ങൾ തമ്മിൽ ഉണ്ടാകാനിടയുണ്ടായിരുന്ന ഏറ്റുമുട്ടൽ തടയുകയാണ് പോലീസ് ചെയ്തത്. പോലീസ് വെടിവയ്പ്പിൽ 6 പേർ കൊല്ലപ്പെട്ടത് വളരെ ദൗർഭാഗ്യകരവും ഒരിക്കലും ഉണ്ടാകാൻ പാടില്ലാ ത്തതുമായിരുന്നു. മുമ്പൊരിക്കലും ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് രണ്ട് വിഭാഗങ്ങൾ തമ്മിൽ ഏറ്റുമുട്ടി ആളുകൾ മരിക്കുന്ന സംഭവം ഉണ്ടായിട്ടില്ല. യു.ഡി.എഫ്. വോട്ടിനുവേണ്ടി വർഗ്ഗീയവാദി കളെ കൂട്ടുപിടിക്കുകയും അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന സമീപനമാണ് സ്വീകരിക്കുന്നത്. മാറാട് കലാപം പോലുള്ള സംഭവങ്ങൾ ഇനിയൊരിക്കലും കേരളത്തിലുണ്ടാകാൻ പാടില്ലെന്നുള്ള സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. ബാഹ്യശക്തികളുടെയും സാമൂഹ്യവിരുദ്ധരു ടെയും പോലീസ് സേനയുമായുള്ള ഇടപെടൽ അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കണം. ജനമൈത്രി, വനിത ഹെൽപ് ലൈൻ, തീവ്രവാദ വിരുദ്ധ സ്ക്വാഡ്, ഗുണ്ടാ വിരുദ്ധ നിയമം തുടങ്ങി ജനോപകാരപ്രദമായ ഒട്ടേറെ

പരിഷ്ക്കാരങ്ങൾ നടപ്പിലാക്കിയത് സ്വാഗതാർഹമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഗുണ്ടാ ആക്ട് പ്രകാരം 300 ഗുണ്ടകളെ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. ഭൂ-മണൽ മാഫിയകളുടെ കടന്നുവരവ് തടയാൻ കഴിയണം. ജയിൽ നിയമങ്ങൾ കാലാനുസൃതമായി പരിഷ്ക്കരിക്കണം. ടോട്ടൽ ഫോർ യു തട്ടിപ്പ് കേസിലെ പ്രതികളെ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞതും അഴിമതിക്കാരേയും കുറ്റകൃത്യം നടത്തിയവരേയും നിയമത്തിനുമുമ്പിൽ കൊണ്ടുവരാൻ കഴിഞ്ഞതും ശ്രദ്ധേയമാണ്. വിദേശ ടൂറിസ്റ്റുകളുടേയും ആഭ്യന്തര ടൂറിസ്റ്റുകളുടേയും എണ്ണത്തിൽ വർദ്ധനവുണ്ടാക്കിയതുവഴി സാമ്പത്തിക മാന്ദ്യത്തിന്റെ കാലത്തുപോലും സംസ്ഥാന ഖജനാവിലേയ്ക്ക് പണം സ്വരൂപിക്കാൻ കഴിഞ്ഞു. മലബാറിലടക്കം ടൂറിസ്റ്റ് പ്രോജക്ടുകൾ നടപ്പിലാക്കാൻ പരിഗണന കൊടുത്തത് ഈ ഗവൺമെന്റിന്റെ എടുത്തുപറയേണ്ട നേട്ടങ്ങളിൽ ഒന്നാണ്. ഐശ്വര്യപൂർണ്ണമായ കേരളം കെട്ടിപ്പടുക്കുന്നതിനുള്ള കാര്യക്ഷമമായ പ്രവർത്തനങ്ങൾ കഴിഞ്ഞ മൂന്ന് വർഷമായി നടത്തികൊണ്ടിരിക്കുന്ന ഈ ഗവൺമെന്റ് അതിന്റെ ഓരോ നയങ്ങളിലും വ്യത്യസ്തത പുലർത്തുന്നുണ്ട്. വനിത നയത്തിന്റെ കരട് തയ്യാറാക്കുകയും ചർച്ച ചെയ്യുകയുമുണ്ടായി. ഓരോ മേഖലയിലും ജനോപകാരപ്രദമായ നടപടികളുമായിട്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്.

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ക്രമസമാധാനപൂർണ്ണമായ സാമൂഹിക അന്തരീക്ഷം നിലനിറുത്തുന്നതിലും സ്വൈര്യജീവിതം ഉറപ്പുവരുത്തുന്നതിലും പ്രശംസാർഹമായ നേട്ടമുണ്ടാക്കാൻ ആഭ്യന്തര വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. പോലീസിന്റെ മാനുഷികതയും ജനകീയതയും വർദ്ധിപ്പിച്ച് ജനസേവനത്തിന്

കർമ്മനിരതരാക്കാൻ ഈ മൂന്ന് വർഷംകൊണ്ട് കഴിഞ്ഞിരിക്കുന്നു. ദേശീയ തലത്തിൽ ശ്രദ്ധയാകർഷിക്കപ്പെടുന്ന വിധത്തിൽ പോലീസ് വകുപ്പിൽ പരിഷ്ക്കരണ നടപടികൾ നടപ്പിലാക്കാൻ കഴിഞ്ഞു. ജനമൈത്രി സുരക്ഷാ പദ്ധതി മാതൃകാപരമായ പ്രവർത്തനമാണ് കാഴ്ചവയ്ക്കുന്നത്. സംസ്ഥാനത്ത് ആദ്യമായി ഇന്ത്യാ റിസർവ്വ് ബറ്റാലിയൻ പ്രവർത്തന സജ്ജമാക്കുന്നതിന് 1000 പോലീസുകാരെ ലഭ്യമാക്കാൻ പോകുന്നു. പുതിയതായി മൂവായിരത്തിലധികം പോലീസുകാരെ നിയമിച്ചുകൊണ്ട് പ്രവർത്തനക്ഷമത വർദ്ധിപ്പിക്കാൻ കഴിഞ്ഞു. തീവ്രവാദവും ഭീകരാക്രമണവും ഉയർത്തുന്ന ഭീഷണി തടയുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിച്ചു. കേന്ദ്ര സഹായത്തോടെ കോസ്റ്റൽ പോലീസ് സ്റ്റേഷൻ നീണ്ടകരയിൽ സ്ഥാപിച്ചു. കേരളത്തിലെ വർദ്ധിച്ചുവരുന്ന ട്രാഫിക് അപകടങ്ങൾ കുറയ്ക്കുന്നതിന് ഹൈവേ ജാഗ്രത സമിതികളുടെ പ്രവർത്തനം ശക്തിപ്പെടുത്തണം. നൂതനമായ സാങ്കേതിക വിദ്യകളുടെ സഹായം ഉപയോഗപ്പെടുത്തി ട്രാഫിക് നിയമ ലംഘനം തടയാൻ ശാസ്ത്രീയമായ നടപടികൾ സ്വീകരിക്കണം. പോലീസുകാരുടെ ഡ്യൂട്ടി സമയം, പ്രൊമോഷൻ, താമസ സൗകര്യങ്ങൾ തുടങ്ങി ദീർഘകാലമായി ഉന്ന യിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ നടപടികൾ സ്വീകരിച്ചതിന്റെ ഫലമായി അവരുടെ കാര്യക്ഷമതയും ഉത്തരവാദിത്വബോധവും വർദ്ധിച്ചിട്ടുണ്ട്. സൈബർ കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിൽ വൈദഗ്ദ്ധ്യം പ്രകടിപ്പിച്ചിട്ടുണ്ട്. ഫയർ ആന്റ് റെസ്ക്യൂ അക്കാദമി ആധുനികവൽക്കരിക്കണം. ജയിൽ പരിഷ്ക്കരണ നടപടികളും പുതിയ ജയിലുകൾ തുടങ്ങിയതും അവിടെ സാങ്കേതിക സൗകര്യങ്ങൾ ഏർപ്പെടുത്തിയതും ശ്രദ്ധേയമാണ്. തടവുകാർക്ക് പഠിക്കാനും വിവിധ

കോഴ്സുകളിൽ പരിശീലനം നൽകുവാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയതും കമ്പ്യൂട്ടറുകൾ നൽകിയതും മാനസിക പരിവർത്തനത്തിന് സഹായകരമായിട്ടുണ്ട്. അവരുടെ ശാരീരികവും മാനസികവുമായ വികാസത്തിന് പ്രേരകമാകുമെന്നതിനാൽ മ്യൂസിക് തെറാപ്പി ഏർപ്പെടുത്താനും നടപടി സ്വീകരിക്കണം. കെട്ടിക്കിടക്കുന്ന കേസുകൾ കഴിയുന്നത്ര വേഗത്തിൽ തീർപ്പാക്കുന്നതിന് സബ് കോടതി ആരംഭിക്കണം. ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ ഭാഗമായുണ്ടായ പ്രതിസന്ധിയിൽപ്പോലും സർക്കാരിന്റെ അവസരോചിതമായ ഇടപെടൽ മൂലം ടൂറിസ്റ്റുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാക്കാൻ കഴിഞ്ഞു. വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ക്രമസമാധനവും ശുചീകരണ പ്രവർത്തനങ്ങളും സുരക്ഷാ സന്നാഹങ്ങളും ഉറപ്പുവരുത്തണം. മുഴുപ്പിലങ്ങാട് ഡ്രൈവ് ഇൻ ബീച്ചിന്റെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുകയും അന്തർദേശീയ ഭൂപടത്തിൽ അർഹമായ പ്രാധാന്യം കൊടുത്ത് പ്രശസ്തി ലഭിക്കുന്നതിനുള്ള പ്രചരണമുണ്ടാകണം. മലബാർ പാക്കേജുമായി ബന്ധപ്പെട്ട് അനുബന്ധ റോഡുകളുടെ വികസനം, വൈദ്യുതീകരണം, ശുദ്ധജലവിതരണം തുടങ്ങിയ ജനോപകാരപ്രദമായ പദ്ധതികൾ നടപ്പിലാക്കണം.

<u>ശ്രീ.വി.എൻ.വാസവൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വിവിധങ്ങളായ പരിഷ്ക്കാരങ്ങൾ നടത്തി നല്ല രീതിയിലുള്ള പ്രവർത്തനം കാഴ്ചവയ്ക്കാൻ പോലീസ് വകുപ്പിന് കഴിഞ്ഞു. പാലക്കാട് ഈസ്റ്റ് പോലീസ് സ്റ്റേഷൻ ഏറ്റവും നല്ലനിലയിൽ പ്രവർത്തിക്കുന്ന പോലീസ് സ്റ്റേഷനായി തെരഞ്ഞെടുക്കപ്പെട്ടു. പോലീസ് എസ്റ്റാബ്ളിഷ്മെന്റ് ബോർഡും കംപ്ളയിന്റ് അതോറിറ്റിയും രൂപികരിച്ചു. കുറ്റാന്വേഷണത്തിന് നൂതന സാങ്കേതിക

വിദ്യകൾ ഉപയോഗിക്കുന്നു. പരാതി നൽകാൻ പോലീസ് വെബ്സൈറ്റ് സംവിധാനം ആരംഭിച്ചു. ആൾദൈവങ്ങളേയും തട്ടിപ്പുകേസ്സിലെ പ്രതികളേയും ഉൾപ്പെടെ ചെറുതും വലുതുമായ വിവിധ കേസ്സുകളിൽ ഉൾപ്പെട്ട പ്രതികളെ പിടികൂടാനും സ്വതന്ത്രവും നീതിപൂർവ്വവുമായ അന്വേഷണം നടത്തി ശിക്ഷിക്കാനും സാധിച്ചു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ഗുണ്ടകളെ പിടികൂടാനും അവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരാനും സാധിച്ചതുവഴി കുറ്റകൃത്യങ്ങൾ കുറയ്ക്കാൻ കഴിഞ്ഞു. കെ.പി. ആക്ട് പരിഷ്ക്കരിക്കണം, എ.ആർ-ലോക്കൽ പോലീസ് സംയോജനം, ക്രിമിനോളജിയും സൈക്കോളജിയും പോലീസ് പരിശീലന ത്തിൽ ഉൾപ്പെടുത്തൽ, ജനമൈത്രി പോലീസ് എല്ലാ സ്റ്റേഷനുകളിലും വ്യാപിപ്പിക്കൽ, എട്ട് മണിക്കൂർ ജോലി നടപ്പിലാക്കൽ, ട്രാഫിക് അപകടങ്ങൾ ഒഴിവാക്കാൻ സർവീലിയൻസ് ക്യാമറ ഏർപ്പെടുത്തൽ തുടങ്ങിയ നടപടിക ളിലൂടെ പോലീസ് വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ സാധിച്ചു. ചെറിയതുറ സംഭവം സർക്കാർ ഗൗരവത്തോടുകൂടി കൈകാര്യം ചെയ്തു. സി.ബി.ഐ.യുടെമേൽ വിശ്വാസം നഷ്ടപ്പെടുന്ന രീതിയിലുള്ള പ്രവർത്തന മാണ് വിവിധ കേസ്സുകളിൽ കാണാൻ കഴിയുന്നത്. കേന്ദ്ര ആഭ്യന്തര വകുപ്പിനേക്കാൾ മികച്ച പ്രവർത്തനം കാഴ്ച വയ്ക്കാൻ സംസ്ഥാന ആഭ്യ ന്തര വകുപ്പിന് സാധിച്ചു.

<u>ശ്രീ. അൽഫോൺസ് കണ്ണന്താനം</u> : ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. ഒരു വർഷത്തെ ശിക്ഷയ്ക്ക് വിധിച്ച ഐ.പി.എസ്. ഉദ്യോഗസ്ഥനെ ഡി.ജി.പി. ആയി പ്രൊമോട്ട് ചെയ്തത് സംബന്ധിച്ച് മന്ത്രി വിശദീകരിക്കണം. സംസ്ഥാനത്ത് നല്ല പ്രവർത്തനം കാഴ്ചവയ്ക്കുന്ന ഐ.പി.എസ്. ഉദ്യോഗസ്ഥരെ എൻകറേജ് ചെയ്യണം. വലിയ പ്രശ്നങ്ങളെ ലഘൂകരിച്ച്

പരിഹാരം കണ്ടെത്തുകയാണ് പോലീസ് വകുപ്പ് ചെയ്യേണ്ടത്. ചെറിയതുറ സംഭവത്തിൽ താഴെത്തട്ടിലുള്ള ഉദ്യോഗസ്ഥരുടെ പേരിലും നടപടി ഉണ്ടാകണം. ഒരാളെ പ്രതിയാക്കിയാൽ അത് എഫ്.ഐ.ആർ.-ൽ രജിസ്റ്റർ ചെയ്ത് വെബ് സൈറ്റിൽ ഇടണം. ട്രാഫിക് എൻഫോഴ്മെന്റിലൂടെ അപകട ങ്ങൾ കുറയ്ക്കാൻ നടപടി സ്വീകരിക്കണം. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഭക്ഷണ സാധനങ്ങൾ സ്റ്റാന്റൈഡെസ് ചെയ്യാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. വി. ശശികുമാർ</u> : ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. കഴിഞ്ഞ മൂന്നുവർഷത്തിനിടയിൽ സംസ്ഥാനത്തെ പോലീസ് സംവിധാനത്തിൽ മൗലികമായ മാറ്റങ്ങൾക്ക് തുടക്കംകുറിക്കാൻ സാധിച്ചിട്ടുണ്ട്. സംസ്ഥാന ത്തിന്റെ ക്രമസമാധാനരംഗം മെച്ചപ്പെടുത്താൻ കഴിഞ്ഞു. ജനമൈത്രീ സുരക്ഷാ പദ്ധതി ഏർപ്പെടുത്തിയതിനെത്തുടർന്ന് കുറ്റകൃത്യങ്ങൾ വലിയ തോതിൽ കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതിലൂടെ പോലീസും ജനങ്ങളും ഒന്നാണെന്ന ചിന്ത പോലീസ് സേനയ്ക്കകത്ത് ഉണ്ടായിട്ടുണ്ട്. ഈ പദ്ധതി വ്യാപിപ്പിക്കണം. തീവ്രവാദ പ്രവർത്തനങ്ങൾ തടയാൻ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. കഴിഞ്ഞ 30 മാസത്തിനിടയിൽ ഒരു തീവ്രവാദ പ്രവർത്തനം പോലും സംസ്ഥാനത്ത് നടന്നിട്ടില്ല എന്നത് ശ്രദ്ധേയമാണ്. പല കേസ്സുകളിലും പ്രതികളെ പിടിക്കാനും ശിക്ഷിക്കാനും സാധിച്ചിട്ടുണ്ട്. 300 ഗുണ്ടകളെ അറസ്റ്റ് ചെയ്യാനുള്ള നടപടി സ്വീകരിച്ചു. സൈബർ കുറ്റകൃത്യ ങ്ങൾ തടയാനായി ഹൈടെക് എൻക്വയറി സെല്ലിന്റെ പ്രവർത്തനം ആരംഭി ച്ചത് സ്വാഗതാർഹമാണ്. ജാഗ്രതാ സമിതികൾ രൂപീകരിച്ച് കടൽ വഴിയുള്ള അക്രമപ്രവർത്തനങ്ങൾ തടയുന്നതിനുള്ള നടപടികൾ ശക്തിപ്പെടുത്തിയിട്ടു ണ്ട്. സംസ്ഥാനത്തെ ജയിലുകളിലെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടു ത്തണം. ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിൽ സ്ഥിരം ജീവനക്കാരെ നിയമി

ക്കണം. ആഗോള സാമ്പത്തികമാന്ദ്യത്തിന്റെ പശ്ചാത്തലത്തിലും ആഭ്യന്തര ടൂറിസം വികസിപ്പിക്കാനുള്ള സമീപനം സ്വീകരിക്കാൻ കഴിഞ്ഞത് സ്വാഗതാർഹമാണ്. എസ്.എൻ.സി. ലാവ്ലിൻ കേസ്സുമായി ബന്ധപ്പെടുത്തി അടിസ്ഥാനരഹിതമായ കുറ്റാരോപണങ്ങളിലൂടെ ഇടതുപക്ഷപ്രസ്ഥാനത്തെ താഴ്ത്തിക്കാണിക്കുന്ന പ്രവണത പ്രതിപക്ഷം ഉപേക്ഷിക്കണം. ലോക്സഭാ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷപ്രസ്ഥാനത്തിനുണ്ടായ പരാജയത്തിന്റെ കാര്യങ്ങൾ വസ്തുനിഷ്ഠമായി പരിശോധിച്ച് വീഴ്ചയുണ്ടായിട്ടുണ്ടെങ്കിൽ തിരുത്തുന്നതാണ്.

<u>ശ്രീ. തോമസ് ഉണ്ണിയാടൻ:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സാധാരണ ജനങ്ങൾ കടന്നുചെല്ലാൻ മടിക്കുന്ന ഒരു സ്ഥലമായി ഇന്ന് പോലീസ് സ്റ്റേഷനുകൾ മാറിയിരിക്കുന്നു. സംസ്ഥാനത്തെ പോലീസ് സേനയിൽ 850-ലധികം പേർ ക്രിമിനലുകളാണെന്നാണ് ഇന്റലിജൻസ് റിപ്പോർട്ട് വ്യക്തമാക്കുന്നത്. വർദ്ധിച്ചുവരുന്ന കുറ്റകൃത്യങ്ങൾ തടയുന്നതിന് യാതൊരു നടപടിയും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. കേരളം തീവ്രവാദ പ്രവർത്തനങ്ങൾക്കുപോലും പരിശീലനം കൊടുക്കുന്ന താവളമായി മാറുകയാണ്. സംസ്ഥാനത്ത് അഴിഞ്ഞാടുന്ന തീവ്രവാദ സംഘങ്ങളേയും ക്വട്ടേഷൻ സംഘങ്ങളേയും നിലയ്ക്കുനിറുത്താൻ കഴിയണം. ക്വട്ടേഷൻ സംഘങ്ങൾക്ക് പോലീസ് എല്ലാവിധ ഒത്താശയും നൽകുന്നത് അവസാനിപ്പിക്കണം. പോലീസുകാർക്ക് നിയമത്തെ സംബന്ധിച്ച് അവബോധം ഉണ്ടാക്കുന്നതിന് പ്രത്യേക കോച്ചിംഗ് സംഘടിപ്പിക്കണം. നിരപരാധികൾ ക്വട്ടേഷൻ സംഘത്തിന്റെ പിടിയിൽ അകപ്പെടാനും കൊല്ലപ്പെടാനുമുള്ള സാഹചര്യം നിലനിൽക്കുകയാണ്. സംസ്ഥാനത്തെ പോലീസിന്റെ

മനുഷ്യത്വം നഷ്ടപ്പെട്ടിരിക്കുകയാണ്. പോലീസ് സേനയിൽ ശക്തമായ അഴി ച്ചുപണി ഉണ്ടാകണം.

ശ്രീ. എൻ. അനിരുദ്ധൻ : ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. ടൂറിസം ഒരു വ്യവസായമായി കണ്ടുകൊണ്ടുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകാൻ കഴിഞ്ഞിട്ടുണ്ട്. മുൻ വർഷങ്ങളിൽ ടൂറിസം രംഗത്ത് ഗണ്യമായ വരുമാനവർദ്ധനവ് ഉണ്ടായിട്ടുണ്ട്. കെ.ടി.ഡി.സി.യെ നല്ല വരുമാനമുള്ള ഒരു സ്ഥാപനമാക്കി മാറ്റിയെടുക്കാൻ സാധിച്ചു. എട്ട് പുതിയ ഫയർ സ്റ്റേഷനുകൾ അനുവദിക്കുകയും അവ ആധുനികവൽക്കരിക്കുന്നതിനുള്ള ശ്രമങ്ങൾ നടക്കുകയും ചെയ്യുന്നത് സ്വാഗതാർഹമാണ്. ഇൻഡ്യയിൽ ക്രമ സമാധാന നിലയിൽ ഒന്നാമത് നിൽക്കുന്ന സംസ്ഥാനം കേരളമാണ്. കൂടു തലും ആക്സിഡന്റ് കേസ്സുകൾ ഉൾപ്പെടുന്നതുകൊണ്ടാണ് കേരളത്തിൽ ക്രൈം രജിസ്റ്റർ ചെയ്യുന്നതിൽ വർദ്ധനവുണ്ടാകുന്നത്. ബൂർഷ്വാ ഭരണകൂട ത്തിന്റെ മർദ്ദനോപകരണം എന്ന സ്ഥിതി മാറ്റി സാമൂഹ്യ പ്രതിബദ്ധതയുള്ള സേവാ സംഘമാക്കി പോലീസിനെ മാറ്റാനുള്ള ശ്രമമാണ് ആഭ്യന്തര വകുപ്പ്. സ്വീകരിക്കുന്നത്. ജസ്റ്റീസ് കെ.ടി തോമസ് കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകളെല്ലാം നടപ്പിലാക്കാൻ നടപടി സ്വീകരിക്കണം. പോലീസ് സബ് ഇൻസ്പെക്ടർ നിയമനത്തിനുള്ള പ്രായപരിധി പരമാവധി 25 വയസ്സാ ക്കുന്നതോടൊപ്പം വിദ്യാർത്ഥികളെ പോലീസ് ഫോഴ്സിൽ അംഗങ്ങളാക്കു ന്നതിനുള്ള ട്രെയിനിംഗ് കൊടുക്കുന്നതിന് കഴിയണം. ആധുനിക സമൂഹ ത്തിന്റെ കാവൽക്കാരാണെന്ന ബോധം ചെറുപ്പക്കാരിൽ ഉണ്ടാക്കിയെടുക്കു ന്നതുവഴി പോലീസ് സേനയിൽ മാറ്റമുണ്ടാക്കാൻ കഴിയും. പോലീസ് സേനാംഗങ്ങളുടെ കുട്ടികളെ പഠിപ്പിക്കുന്നതിനായി കേന്ദ്രീയ വിദ്യാലയ ത്തിന്റെ മാതൃകയിൽ പ്രത്യേകം സ്ക്കൂളുകൾ ആരംഭിക്കണം.

പോലീസുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് സംവിധാനം ഏർപ്പെടുത്തണം. ക്രമ സമാധാന പാലനവും കുറ്റാന്വേഷണവും വേർതിരിക്കണം. സാമ്പത്തിക കുറ്റവാളികളെ കസ്റ്റഡിയിലെടുക്കാനുള്ള നിയമം അനിവാര്യമാണ്. പോലീസ് സേനയിൽ മാറ്റങ്ങൾ വരുത്തുന്നതോടൊപ്പം അവർക്ക് കാലോചി തമായ ട്രെയിനിംഗ് കൊടുക്കണം. കമ്മ്യൂണിറ്റി പോലീസിംഗ്, ജനമൈത്രി പോലീസിംഗ് എന്നിവ ഭംഗിയായി നടക്കുന്നുണ്ട്. ഇത് ജനങ്ങളുമായുള്ള ബന്ധം ഉറപ്പാക്കുന്നതിനും കുറ്റകൃത്യങ്ങൾ കുറയ്ക്കാനും ഇടവരുത്തും. കഴിഞ്ഞ മൂന്നു വർഷക്കാലത്തിനിടയിൽ ഒരു വർഗ്ഗീയ കലാപമോ ഭീകരാക്രമണമോ കേരളത്തിൽ ഉണ്ടായിട്ടില്ല. പോലീസ് ഉദ്യോഗസ്ഥരുടെ ഡ്യൂട്ടി സമയം എട്ട് മണിക്കൂറായി നിജപ്പെടുത്താനുള്ള നടപടി ആരംഭിച്ചി ട്ടുണ്ട്. 13 വർഷം സർവ്വീസായവർക്ക് ഒരു ഗ്രേഡും 23 വർഷം വരെ സർവ്വീസ് ആയവർക്ക് വേറൊരു ഗ്രേഡും അനുവദിച്ചു. ഗവൺമെന്റിന്റെ നയ സമീപനം നടപ്പിലാക്കണമെങ്കിൽ പോലീസ് ആക്ടിൽ ആവശ്യമായ ഭേദഗതി വരുത്താനുള്ള ശ്രമമുണ്ടാകണം. ജനമൈത്രി പോലീസ് സമ്പ്രദായം ജനമൈത്രി സുരക്ഷാ പരിപാടി, വനിത ഹെൽപ് ലൈൻ എന്നിവ മറ്റ് പോലീസ് സ്റ്റേഷൻ അതിർത്തികളിൽക്കൂടി വ്യാപിപ്പിക്കാൻ ശ്രമിക്കണം. പോലീസ് സേനയിലെ അംഗങ്ങൾക്ക് സാമൂഹ്യ പ്രതിബദ്ധത ഉണ്ടാകണമെ ങ്കിൽ അവരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കണം.

<u>ശ്രീ. കെ. കുഞ്ഞിരാമൻ:</u> ധനാഢ്യർത്ഥനകളെ അനുകൂലിക്കുന്നു. ലാവ്ലിൻ കേസിനെക്കുറിച്ചുള്ള പ്രതിപക്ഷത്തിന്റെ പ്രചാരവേലകൾ തകർന്ന ദിവസമാണിന്ന്. ഈ കേസിൽ ശ്രീ. ജി. കാർത്തികേയനെ പ്രതിപ്പട്ടികയിൽ ഉൾപ്പെടുത്തിക്കൊണ്ട് തുടരന്വേഷണം നടത്തണമെന്നാണ് സി.ബി.ഐ. പറ ഞ്ഞിരിക്കുന്നത്. കഴിഞ്ഞ മൂന്നുവർഷക്കാലത്തെ ഭരണം കൊണ്ട് കേരള

ത്തിൽ സർവ്വതോൻമുഖമായ സാമൂഹ്യ വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാൻ എൽ.ഡി.എഫ്. ഗവൺമെന്റിന് കഴിഞ്ഞു. ദേശീയതലത്തിൽ തന്നെ വളരെ ശ്രദ്ധിക്കപ്പെട്ട പല പരിഷ്ക്കാരങ്ങളും ഇവിടെ നടപ്പിലാക്കിയിട്ടുണ്ട്. ജനസേവനത്തിനുവേണ്ടി പോലീസിനെ ഉപയോഗപ്പെടുത്തുക എന്ന നയമാണ് ഈ ഗവണ്മെന്റ് പിൻതുടരുന്നത്. കമ്മ്യൂണിറ്റി പോലീസിംഗ് സംവിധാനം കഴിഞ്ഞവർഷം 20 പോലീസ് സ്റ്റേഷനുകളിൽ നടപ്പാക്കിയതുവഴി ക്രമസമാധാനപാലനത്തിൽ വമ്പിച്ച നേട്ടമുണ്ടായിട്ടുണ്ട്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നടന്നതും തെളിയിക്കപ്പെടാത്തതുമായ ധാരാളം കേസുകൾ തെളിയിച്ച് ശിക്ഷ വാങ്ങിക്കൊടുക്കാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. ഇൻഡ്യൻ റിസർവ്വ് പോലീസ് ബറ്റാലിയനിൽ ആയിരം പേർക്ക് ജോലി നൽകിയതുവഴി അവരുടെ സേവനം ക്രമസമാധാനരംഗത്ത് ഉപയോഗപ്പെടുത്താനും തീവ്രവാദ പ്രവർത്തനങ്ങൾക്ക് തടയിടാനും കഴിഞ്ഞു. കോസ്റ്റൽ പോലീസ് സ്റ്റേഷൻ, ഹൈവേ ജാഗ്രതാ സമിതി, വനിത ഹെൽപ്പ് ലൈൻ, പുതിയ പോലീസ് സ്റ്റേഷനുകൾ, പോലീസ് സ്റ്റേഷനുകൾക്ക് പുതിയ കെട്ടിടങ്ങൾ, 15-വർഷം പൂർത്തിയാക്കിയ പോലീസുകാർക്ക് ഹെഡ് കോൺസ്റ്റബിളായി പ്രൊമോഷൻ, 23 വർഷം സർവ്വീസുള്ള എച്ച്.സി. മാർക്ക് എ.എസ്.ഐ. ആയി ഗ്രേഡ് പ്രൊമോഷൻ, എട്ട് മണിക്കൂർ ഡ്യൂട്ടി സംവിധാനം, പോലീസുകാർക്ക് ക്വാർട്ടേഴ്സ് സൗകര്യം തുടങ്ങിയവ ഏർപ്പെടുത്തി. പോലീസ് സേനയെ ആധുനികവൽക്കരിക്കുന്നതിൽ കേരളം ഇൻഡ്യയിൽ തന്നെ ഒന്നാം സ്ഥാനത്താണ്. മൂന്ന് വർഷം കൊണ്ട് ഏഴ് പുതിയ ജയിലുകൾ ആരംഭിച്ച് ജയിൽ ഭരണം കാര്യക്ഷമമാക്കുന്നതിനും ജയിൽപുള്ളികൾക്ക് മനുഷ്യത്വപരമായ ആനുകൂ

ല്യങ്ങൾ ചെയ്തുകൊടുക്കുന്നതിനും സാധിച്ചു. ടൂറിസം രംഗത്ത് കേരള ത്തിന് വിപ്ളവകരമായ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞു.

ശ്രീ. എ. പി. അനിൽ കുമാർ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സർക്കാരിന്റെ കഴിഞ്ഞ മൂന്നു വർഷത്തെ ഭരണം എല്ലാ രീതിയിലും ദുരന്തങ്ങളും പ്രയാസങ്ങളും നിറഞ്ഞതായിരുന്നു. മന്ത്രിസഭയ്ക്കുള്ളിലും പുറത്തുമുള്ള അഭിപ്രായവ്യത്യാസം ജനജീവിതത്തെ ഇത്രമാത്രം ബാധിച്ച ഒരു കാലഘട്ടം മുമ്പുണ്ടായിട്ടില്ല. എല്ലാ തലങ്ങളിലും ഗവൺമെന്റ് പൂർണ്ണമായും നിശ്ചലമായി. വികസന പ്രവർത്തനങ്ങളും ക്ഷേമപ്രവർത്തനങ്ങളും സ്തംഭിച്ചു. മുമ്പ് അഭിമാനത്തോടു കൂടി പറയാവുന്ന പോലീസായിരുന്നു സംസ്ഥാനത്തുണ്ടായിരുന്നതെങ്കിൽ ഇന്ന് അതിന്റെ അവസ്ഥ എന്താണെന്നുള്ളത് യാഥാർത്ഥ്യ ബോധത്തോടു കൂടി പരിശോധിക്കണം. നിഷ്ക്രീയത്വം പോലീസിന്റെ മുഖമുദ്ര യായി മാറിയിരിക്കുന്നു. ജനങ്ങളുടെ സ്വത്തിനും ജീവനും സുരക്ഷി തത്വം നഷ്ടപ്പെട്ടിട്ടും സർക്കാർ അതിന് യാതൊരു വിധത്തിലുള്ള പരിഹാ രവും കാണുന്നില്ല. കേരളത്തിലെ സാധാരണക്കാർക്ക് ആശ്രയിക്കാൻ കഴി യാത്ത രീതിയിൽ ഭയാനകമായി പോലീസ് മാറി എന്നും സംസ്ഥാനത്തെ ക്രമസമാധാനം താറുമാറായിയെന്നും അധികാരത്തിലുള്ളവർ ഇതൊന്നും അറിയുന്നില്ലെന്നും പരാമർശിക്കേണ്ടിവന്നു. ബഹുമാനപ്പെട്ട ഹൈക്കോ ടതിക്കുപോലും ഇന്ന് ഗുണ്ടകൾക്കും മാഫിയാ സംഘങ്ങൾക്കും സുരക്ഷി തത്വവും ജനങ്ങൾക്ക് അരാജകത്വവുമാണ് നിലനിൽക്കുന്നത്. കേരളം ഇന്ന് മാഫിയകളുടെ കയ്യിലായിരിക്കുന്നു. ഇത്തരം പ്രശ്നങ്ങൾ പരിഹരി ക്കാൻ സർക്കാരിന് സാധിക്കുന്നില്ലെങ്കിൽ കേന്ദ്ര സേനയെ കൊണ്ടുവരണം. സംസ്ഥാനത്തെ ആഭ്യന്തര പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ സമയം

കണ്ടെത്തണം. പരിപൂർണ്ണമായി തകർന്നു കഴിഞ്ഞിരിക്കുന്ന കേരളത്തിന്റെ ക്രമസമാധാന രംഗം ഭദ്രമാക്കാനുള്ള ശ്രമം സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണം. സംസ്ഥാനത്ത് ഇത്രമാത്രം അക്രമസംഭവങ്ങൾ ഉണ്ടായ കാല ഘട്ടം ഉണ്ടായിട്ടില്ല. സംസ്ഥാനത്ത് ഇന്ന് സാധാരണക്കാർക്ക് ജീവിക്കാൻ പറ്റാത്ത സാഹചര്യമാണുള്ളത്. ലോക്സഭാ തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ട തിന് പത്രമാധ്യമങ്ങൾക്ക് നേരെ അക്രമം അഴിച്ചുവിടുകയാണ്. കോടതി യുടെയും കേരളത്തിലെ ജനങ്ങളുടെയും വായ് മൂടിക്കെട്ടാൻ കഴിയില്ല എന്ന് ഗവൺമെന്റ് മനസ്സിലാക്കണം. പോലീസുകാർ ഗുണ്ടകൾക്ക് ഓശാന പാടുന്ന അവസ്ഥയാണ് ഇന്ന് കേരളത്തിലുള്ളത്. ജില്ലാ കളക്ടർ ഉത്തരവിട്ടിട്ടുപോലും ഗുണ്ടകളെ പിടിക്കാൻ പോലീസ് ശ്രമം നടത്തുന്നില്ല. കരിദിനം വിജയിപ്പിക്കാൻ വേണ്ടി തിരുവനന്തപുരത്ത് ഗവർണ്ണർ പങ്കെടുക്കേണ്ട ചടങ്ങ് ആഭ്യന്തര വകുപ്പുമന്ത്രി ഇടപെട്ടാണ് മാറ്റിവച്ചത്. കഴിഞ്ഞ മൂന്ന് വർഷം കേരള ജനതയുടെ ജീവിതം ദുസ്സഹമാക്കിയതിനുള്ള മറുപടിയാണ് കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ മുന്നണിക്കേറ്റ പരാജയം. മുൻകാലങ്ങളിലില്ലാത്ത ക്രമസമാധാന തകർച്ചയാണ് ഇപ്പോഴുണ്ടായിട്ടുള്ളത്. ഗുണ്ടാ സംഘങ്ങളുടെയും ക്വട്ടേഷൻ സംഘങ്ങളുടെയും മാഫിയ സംഘങ്ങളുടെയും വിളഭൂമിയായി കേരളത്തെ മാറ്റിയിരിക്കുകയാണ്.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ടൂറിസം മേഖലയിൽ വൻതോതിലുള്ള വികസന പ്രവർത്തനങ്ങളാണ് ഇക്കൊല്ലം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഇതിനായി 293 കോടി രൂപയാണ് ഈ വർഷം സംസ്ഥാന ബഡ്ജറ്റിൽ

വകയിരുത്തിയിട്ടുള്ളത്. ഈ വർഷം ടൂറിസം മേഖലയിൽ വിവിധ ഇനങ്ങളിലായി 421.27 കോടി ചെലവഴിക്കാൻ കഴിയും. ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ കേരളത്തിലെ ടൂറിസം വികസന പ്രവർത്തനങ്ങൾ ഫലപ്രദമായി ആസൂത്രണം ചെയ്തുകൊണ്ടാണ് പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുള്ളത്. കഴിഞ്ഞ മൂന്ന് കൊല്ലം ഈ മേഖലയിൽ നടപ്പിലാക്കിയ വിവിധ വികസന പ്രവർത്തനങ്ങൾ ഉദ്ദേശലക്ഷ്യങ്ങൾ നേടിയിട്ടുണ്ട്. അതിന്റെ തുടർ പ്രവർത്തനങ്ങളും ഇക്കൊല്ലത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടൂറിസം ഡെസ്റ്റിനേഷനുകളുടെ സമഗ്രവും ശാസ്ത്രീയവുമായ വികസനത്തിന് മുൻഗണന നൽകിക്കൊണ്ട് സംസ്ഥാനത്ത് ഏകദേശം 35 ഡെസ്റ്റിനേഷൻ മാനേജുമെന്റ് കൗൺസിലുകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഡ്രീം സീസൺ, സപര്യ, ഗ്രീൻ ഫാം ടൂറിസം, സാങ്കേതികമായി ഹോം സ്റ്റേയിൽ വരാത്ത താമസ സൗകര്യങ്ങളുടെ ക്ലാസിഫിക്കേഷൻ സ്കീം, അഡ്വെഞ്ചർ ടൂറിസം തുടങ്ങിയ വിവിധ ആശയങ്ങളും കേരള കലാമണ്ഡലത്തിന്റെ സമഗ്ര വികസനം, ആലപ്പുഴ പൈതൃക സിറ്റിയുടെ വികസനം, അഷ്ടമുടി ക്രൂയിസ് സർക്യൂട്ട് വികസനം, കഠിനംകുളം ബാക്ക്വാട്ടർ പദ്ധതി എന്നിവയും ഈ വർഷം നടപ്പിലാക്കുന്നതായിരിക്കും. മലബാർ മേഖലയുടെ വികസനത്തിനായി മലബാർ ടൂറിസം പാക്കേജ് ആവിഷ്ക്കരിക്കുകയും 135 കോടി രൂപ മാറ്റി വയ്ക്കുകയും ചെയ്തിട്ടുണ്ട്. ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ കേരളത്തിലെ ടൂറിസം പദ്ധതികൾ അവലോകനം ചെയ്യാനും നിർദ്ദേശങ്ങൾ സമർപ്പിക്കാനുമായി ഒരു വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ച് പ്രവർത്തനം

ആരംഭിച്ചിട്ടുണ്ട്. കേരളത്തിന്റെ വിനോദസഞ്ചാര സാദ്ധ്യതകൾ ഉപയോഗിച്ചുകൊണ്ട് സംസ്ഥാനത്തിന് ഗുണകരമാകുന്ന രീതിയിൽ മികച്ച വ്യാപാര വാണിജ്യ മുന്നേറ്റമുണ്ടാക്കാനും ലോകത്തിലെ മികച്ച ടൂറിസം കേന്ദ്രമായി കേരളത്തെ മാറ്റാനുമുള്ള ഉദ്ദേശത്തോടുകൂടി ഇക്കൊല്ലവും ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ സംഘടിപ്പിക്കാനായി 20 കോടി രൂപ മാറ്റിവച്ചിട്ടുള്ളതിൽ പത്ത് കോടി രൂപ പരമ്പരാഗത വ്യാപാര കേന്ദ്രങ്ങളുടെ നവീകരണത്തിനായി ചെലവഴിക്കും. എല്ലാ വർഷവും ടൂറിസം വകുപ്പ് ധാരാളം ദേശീയ അന്തർദേശീയ മേളകളിൽ പങ്കെടുക്കുന്നുണ്ട്. വിദേശത്തുള്ള ടൂറിസം ഓഫീസുകൾ വഴി പുതുമയാർന്ന പ്രചരണ രീതികൾ ആവിഷ്ക്കരിക്കാനായി 16.5 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിൽ നിന്നും കൂടുതൽ പദ്ധതികൾ ലഭിക്കാനുള്ള ശ്രമം നടത്തുകയാണ്. ഈ മേഖലയിൽ ഔപചാരികവും അനൗപചാരികവുമായി പ്രവൃത്തിയെടുക്കുന്ന പതിനായിരത്തോളം ആളുകളുടെ തൊഴിലിന്റെയും സേവനത്തിന്റെയും ഗുണമേൻമ വർദ്ധിപ്പിക്കുന്നതിന് വേണ്ടി തുടർ പരിശീലന പരിപാടി നടപ്പിലാക്കുന്നതാണ്. സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തോടുകൂടി അനുയോജ്യമായ സ്ഥലങ്ങളിൽ റോപ്പ് വേ തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിക്കും. തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിന് ടൂറിസം കേന്ദ്രങ്ങളിൽ ബോട്ടിംഗ് സൗകര്യങ്ങൾ നടപ്പിലാക്കുന്നതിന് സ്വകാര്യ മേഖലയ്ക്ക് പങ്കാളിത്തം കൊടുത്തുകൊണ്ടുള്ള പദ്ധതികൾ ആരംഭിക്കുന്നതാണ്. പെട്രോൾ ബങ്കുകളുമായി ചേർന്ന് വഴിയാത്രക്കാർക്ക് ടോയ്‌ലറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പ്രോജക്ട് തയ്യാറാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

ഹൗസ് ബോട്ടുകളുടെ എണ്ണം ശാസ്ത്രീയമായി ക്രമീകരിക്കാൻ ലൈസൻസ്, ഫിറ്റ്നസ് എന്നിവ ഉറപ്പാക്കുന്നതിന് ഒരു റഗുലേറ്ററി ഫ്രെയിം വർക്ക് കൊണ്ടുവരുന്നതാണ്. ഉത്തരവാദിത്വ ടൂറിസത്തിന്റെ ഭാഗമായി ഡെസ്റ്റിനേഷൻ തലത്തിൽ തദ്ദേശീയരുമായി ചേർന്ന് ടൂറിസം സർക്യൂട്ട് രൂപീകരിക്കുന്നതാണ്. ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ ആഭ്യന്തര ടൂറിസം വികസിപ്പിക്കുന്നതിന് പ്രധാനപ്പെട്ട നഗരങ്ങളിൽ വിപണന മേളകളും മറ്റും സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സൈലന്റ് വാലി-ശിരുവാണി ഉൾപ്പെടെ പുതിയ ടൂറിസം പദ്ധതികൾ ഈ വർഷം ഏറ്റെടുക്കുന്നതാണ്. ജയിലുകളുടെ സ്ഥിതി മെച്ചപ്പെടുത്താൻ കുറെയധികം നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. തടവുകാരുടെ എണ്ണം വർദ്ധിച്ചുവരുന്നതിനാൽ സെൻട്രൽ ജയിലിൽ റിമാന്റ് തടവുകാരും കമ്മിറ്റഡ് പ്രിസണേഴ്സും ഒരുമിച്ച് കഴിയേണ്ടി വരുന്നതുകൊണ്ട് പല പ്രശ്നങ്ങളുമുണ്ടാകുന്നുണ്ട്. അതുകൊണ്ട് സെൻട്രൽ ജയിലിൽ കമ്മിറ്റഡ് പ്രിസണേഴ്സിനെ മാത്രമാക്കി മാറ്റുകയെന്ന ജയിൽ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഘട്ടംഘട്ടമായി സബ് ജയിലുകളുടെ എണ്ണം വർദ്ധിപ്പിക്കും. നിലവിലുള്ള സബ് ജയിലുകളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും ഉദ്ദേശിക്കുന്നുണ്ട്. ജയിൽ വകുപ്പിൽ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനായി ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ട്. ജയിലുകളിൽ മൊബൈൽ ഫോൺ ഉപയോഗിക്കുന്നത് തടയാനായി സ്ഥാപിച്ചിട്ടുള്ള മൊബൈൽ ജാമറുകൾ കാര്യക്ഷമമാക്കണമെന്ന് കെൽട്രോണിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. തടവുകാരുടെ വേതനം വർദ്ധിപ്പിക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ജീവപര്യന്തം ശിക്ഷ അനുഭവിക്കുന്നവരിൽ 14 വർഷം തടവുശിക്ഷ പൂർത്തിയാക്കിയവരെയാണ്

ഇപ്പോൾ ജയിൽ മോചിതരാക്കുന്നത്. എന്നാൽ അയൽ സംസ്ഥാനങ്ങളിൽ 10 വർഷം പൂർത്തിയാക്കിയവരെ മോചിപ്പിക്കുന്ന സാഹചര്യത്തിൽ അത് നടപ്പാക്കുന്നതിനുള്ള ശുപാർശ ഗവർണ്ണർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. ദേശീയ സുരക്ഷിതത്വ പ്രശ്നം ഗൗരവമായി കാണണമെന്ന് കേന്ദ്രഗവൺമെന്റ് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ തീവ്രവാദ പ്രവർത്തനങ്ങൾ നേരിടുന്നതിന് പോലീസ് സേനയേയും മറ്റ് സംവിധാനങ്ങളേയും ജാഗ്രതപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. വളരെ സമാധാനപരമായി ലോക്സഭാ തെരഞ്ഞെടുപ്പ് നടത്തിയ സംസ്ഥാനമെന്നുള്ള നിലയ്ക്ക് ഇലക്ഷൻ കമ്മീഷൻ കേരളത്തെ അഭിനന്ദിച്ചിരിക്കുകയാണ്. അതിന് ആത്മാർത്ഥമായി പ്രവർത്തിച്ച എല്ലാ പോലീസ് ഉദ്യോഗസ്ഥരേയും മറ്റ് ഓഫീസർമാരേയും ഗവൺമെന്റിനുവേണ്ടി പ്രത്യേകമായി അഭിനന്ദിക്കുകയാണ്. ഇൻഡ്യ റിസർവ് ബറ്റാലിയൻ രൂപീകരിക്കാൻ തീരുമാനിക്കുകയും അതിന് കേന്ദ്രഗവൺമെന്റിന്റെ അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. ആ സേനയിലേയ്ക്ക് ആളുകളെ എടുക്കുന്നതിനുള്ള ഫിസിക്കൽ എഫിഷ്യൻസി ടെസ്റ്റ് ഇന്നു മുതൽ ആരംഭിച്ചിട്ടുണ്ട്. ഇങ്ങനെ രൂപീകരിക്കുന്ന ബറ്റാലിയന്റെ രണ്ട് കമ്പനികളെ കമാൻഡോകളായി മാറ്റി പ്രത്യേക പരീശീലനം നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

ആംഡ് റിസർവ് കേഡർ, ലോക്കൽ റിസർവ് കേഡർ എന്നിവ ഏകീകരിച്ച് സിവിൽ പോലീസ് കേഡർ രൂപീകരിക്കും. വിവിധ കേഡറുകളിൽ പ്രവർത്തിക്കുന്ന പോലീസുകാർക്ക് ഇന്ന് ലഭിക്കുന്ന ഒരു ആനുകൂല്യവും നഷ്ടപ്പെടാത്ത വിധത്തിലായിരിക്കും ഈ സംവിധാനം നടപ്പിലാക്കുന്നത്. പോലീസിൽ ദീർഘകാലമായി നടപ്പിലാക്കാതെ കിടക്കുന്ന സ്പോർട്ട്സ്

ക്വാട്ടാ റിക്രൂട്ട്മെന്റ് പുനരാരംഭിക്കാൻ നടപടി സ്വീകരിക്കും. ഈ വർഷം 100 പേരെ ഇതിന്റെ ഭാഗമായി റിക്രൂട്ട് ചെയ്യും. സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും കമ്പ്യൂട്ടർ നൽകാനുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുതിയ കമ്പ്യൂട്ടർ വാങ്ങാതെ നിലവിലുള്ളവ വികേന്ദ്രീകരിച്ച് കൊടുക്കാനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്; ഈ വർഷംതന്നെ ഇത് നടപ്പിലാക്കും. ഇതുവഴി ഇ-മെയിൽ പരാതികൾ സ്വീകരിക്കാനുള്ള നടപടികൾ സംസ്ഥാനത്ത് ആരംഭിക്കുന്നതാണ്. തീരദേശ സുരക്ഷയുമായി ബന്ധപ്പെട്ട് കേന്ദ്രം അനുവദിച്ച 8 കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിലൊന്ന് നീണ്ടകര പ്രവർത്തനം ആരംഭിച്ചു. ബാക്കി 7 എണ്ണം ഈ വർഷംതന്നെ പ്രവർത്തനം ആരംഭിക്കുന്നതാണ്. കോസ്റ്റൽ റെഗുലേഷൻ നിയമപ്രകാരം കേന്ദ്ര ഗവൺമെന്റ് കോസ്റ്റൽ ഏരിയായിൽ കെട്ടിട നിർമ്മാണം അനുവദിച്ചിട്ടില്ല. കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രി വിളിച്ചുകൂട്ടിയ യോഗത്തിൽ ഇത് സംബന്ധിച്ച് ഉണ്ടായിരുന്ന തടസ്സങ്ങളെല്ലാം മാറ്റിയതിന്റെ ഫലമായി എല്ലാ കോസ്റ്റൽ പോലീസ് സ്റ്റേഷനും ഈ വർഷംതന്നെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കും. കോസ്റ്റൽ പോലീസ് സ്റ്റേഷന് കേന്ദ്ര ഗവൺമെന്റ്. ബോട്ട് ലഭ്യമാക്കാത്തതിനാൽ വാടകയ്ക്ക് എടുത്താണ് നീണ്ടകരയിൽ പ്രവർത്തനം തുടങ്ങിയിട്ടുള്ളത്. ഒരു ബോട്ട് കേന്ദ്ര സർക്കാർ ഇപ്പോൾ അനുവദിച്ചിട്ടുണ്ട്. ജനമൈത്രി പോലീസിംഗ് കേരളത്തിൽ ഇപ്പോൾ 20 സ്ഥലത്താണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. 21 പോലീസ് സ്റ്റേഷനുകളിലേയ്ക്കുകൂടി ഇത് വ്യാപിപ്പിക്കും. നിലവിൽ സ്വന്തമായി കെട്ടിടങ്ങളില്ലാത്ത പോലീസ് സ്റ്റേഷനുകൾക്ക് സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ഒരു വർഷം കൊണ്ട് പുതിയ കെട്ടിടം നിർമ്മിച്ചുകൊടുക്കും. 22 പോലീസ് സ്റ്റേഷന്റെ കെട്ടിട നിർമ്മാണം നടന്നു വരുന്നുണ്ട്. അത് ഈ വർഷംതന്നെ

പൂർത്തിയാക്കും. കൊച്ചി സിറ്റി പോലീസ് കമ്മീഷണറുടെ ഓഫീസിലെ സൗകര്യങ്ങൾ വളരെ ശോചനീയമാണെന്ന് റിപ്പോർട്ട് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ആധുനിക രീതിയിലുള്ള പോലീസ് കോംപ്ലക്സ് അവിടെ സ്ഥാപിക്കും. കായലുകളിലെ പോലീസ് പട്രോളിംഗ് ടൂറിസത്തിന് അത്യാവശ്യമായതിനാൽ അതിനുള്ള പദ്ധതിയും ഈ വർഷംതന്നെ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. പോലീസ് വകുപ്പിൽ ഇൻഫർമേഷൻ സെന്റർ ആരംഭിക്കുന്നതിനുവേണ്ടി അനുവാദം കൊടുത്തിട്ടുണ്ട്. ഹൈവേ സുരക്ഷാ ജാഗ്രതാ സമിതി സംസ്ഥാനത്ത് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിമുക്തഭടൻമാരെ കഴിയുന്നത്ര ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള ഒരു പദ്ധതി ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. പോലീസ് സ്റ്റേഷനിൽ ജോലി ചെയ്യുന്ന എല്ലാ പോലീസുകാർക്കും മൊബൈൽ ഫോൺ നൽകാൻ തീരുമാനിച്ചിട്ടുണ്ട്. എസ്.സി/എസ്.ടി കേസ്സുകൾ കൈകാര്യം ചെയ്യുന്ന എസ്.എം.എസ് സെല്ലിലെ അംഗസംഖ്യ വർദ്ധിപ്പിച്ച് പുതുതായി സ്ക്വാഡുകൾ രൂപീകരിക്കാനുള്ള നടപടികൾ ഈ വർഷം സ്വീകരിക്കുന്നതാണ്. ട്രാഫിക് പോലീസിന്റെ എണ്ണം വർദ്ധിപ്പിക്കണമെന്നത് വളരെ ന്യായമായ ആവശ്യമാണ്. സംസ്ഥാനത്ത് 6700 പോലീസുകാരുടെ ഒഴിവുണ്ട്. മുഴുവൻ ഒഴിവുകളും നികത്താനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. ട്രാഫിക് മേഖല മാത്രം ശ്രദ്ധിക്കുന്നതിനായി ഒരു ട്രാഫിക് ഐ.ജി.യെ പ്രത്യേകമായി ഗവൺമെന്റ് ചുമതലപ്പെടുത്തിയിട്ടുണ്ട്. പോലീസ് ആക്ട് പരിഷ്ക്കരിക്കുന്നതിനുവേണ്ടിയുള്ള ബിൽ അടുത്ത നിയമസഭാ സമ്മേളനത്തിൽ അവതരിപ്പിക്കാനും ഒരു വർഷംകൊണ്ട് പരിഷ്ക്കരണ നടപടി പൂർത്തീകരിക്കാനുമാണ് ഉദ്ദേശിക്കുന്നത്. 8 മണിക്കൂർ ഡ്യൂട്ടി സമ്പ്രദായം 51 പോലീസ് സ്റ്റേഷനിൽ നടപ്പാക്കിയിട്ടുണ്ട്. ഘട്ടംഘട്ടമായി ഇത്

കൂടുതൽ പോലീസ് സ്റ്റേഷനുകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതാണ്. റിസപ്ഷൻ ഡസ്ക് എല്ലാ പോലീസ് സ്റ്റേഷനിലും വേണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. പോലീസ് സ്റ്റേഷനിൽ വരുന്നവരോട് മാന്യമായി പെരുമാറാനും തരുന്ന പരാതികൾ എഴുതി വാങ്ങാനും പരാതിക്ക് രസീത് കൊടുക്കാനും പരാതി രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കേസ് രജിസ്റ്റർ ചെയ്യാനും കർശന നിർദ്ദേശം കൊടുത്തിട്ടുണ്ട്. തീവ്രവാദ കേസ്സുകൾ അന്വേഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. തീവ്രവാദവുമായി ബന്ധപ്പെട്ട് സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുള്ള കേസുകളിൽ തുടർനടപടികൾ സ്വീകരിക്കും. ഞാറയ്ക്കൽ എക്സൈസ് കമ്മീഷണറുടെ മരണം സംബന്ധിച്ച കേസ് അന്വേഷിക്കുന്നതിന് എറണാകുളം ഐ.ജി.യ്ക്ക് നിർദ്ദേശം നൽകുന്നതാണ്. മനുഷ്യാവകാശങ്ങൾ സംരക്ഷിക്കാനുള്ള ബാധ്യത പോലീസിനുണ്ട് എന്ന കാര്യം ഗവൺമെന്റ് അംഗീകരിക്കുന്നു. ചെറിയതുറയിൽ ഗുണ്ടകൾ നടത്തിയ അക്രമം കൈകാര്യം ചെയ്യുന്നതിൽ വീഴ്ച വരുത്തിയ നാല് പോലീസ് ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തിട്ടുണ്ട്. വെടിവയ്പ് സംഭവങ്ങൾ സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സർക്കാരിന് ഇക്കാര്യത്തിൽ ഒരു മുൻവിധിയുമില്ല. ഈ വിഷയത്തിന് പ്രത്യേക പരിഗണന കൊടുത്തുകൊണ്ട് ഗവൺമെന്റ് ഇടപെടുകയും പ്രതിപക്ഷനേതാവ്, വിവിധ കക്ഷിനേതാക്കൾ, മുസ്ലീം സംഘടനകൾ എന്നിവർ ഇടപെട്ട് മറ്റ് പ്രശ്നങ്ങൾ ഉണ്ടാകാതെയിരിക്കാൻ സന്ദർഭത്തിനനുസരിച്ച് സംയമനം പാലിക്കുകയും ചെയ്തു. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഇനിയും എന്തെങ്കിലും ചെയ്യാനുണ്ടെങ്കിൽ പരസ്പരം ആലോചിച്ച് ചെയ്യാം. പരിക്കുപറ്റിയവർക്കും കാല് മുറിച്ചുമാറ്റപ്പെട്ടു എന്ന് ചൂണ്ടികാണിക്കപ്പെട്ട

കേസിലും ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന പരമാവധി സഹായങ്ങൾ ചെയ്തിട്ടുണ്ട്. യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് കൊണ്ടുവന്ന ഗുണ്ടാ ആക്ട് ഈ ഗവൺമെന്റ് കുറേക്കൂടി വിപുലീകരിച്ച് ഇപ്പോൾ പ്രാബല്യത്തിൽ കൊണ്ടുവന്നിട്ടുണ്ട്. എസ്.പി. മാരുടേയും കളക്ടർമാരുടേയും യോജിച്ചുള്ള പ്രവർത്തനത്തിനായി പ്രത്യേക യോഗം വിളിക്കുകയും ഈ ആക്ട് കർശനമായി നടപ്പിലാക്കാനുള്ള ശ്രമം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. രാഷ്ട്രീയ പ്രതിയോഗികളെ അറസ്റ്റ് ചെയ്യുകയെന്നത് ഈ സർക്കാരിന്റെ നിലപാടല്ല. മുന്നൂറ് ഗുണ്ടകളെ അറസ്റ്റ് ചെയ്ത സംഭവത്തിൽ ഒരു കേസിൽപോലും കോടതി പരാമർശം നടത്തിയില്ലെന്നത് മനുഷ്യാവകാശ ലംഘനം നടക്കാതെ കൈകാര്യം ചെയ്തതുകൊണ്ടാണ്. ഈ ആക്ട് നടപ്പാക്കുന്നതിൽ ബാഹ്യശക്തികളുടെ ഇടപെടൽ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കും. പത്ര സ്ഥാപനങ്ങൾ ആക്രമിക്കപ്പെട്ട സംഭവം ഗൗരവപൂർവ്വം കാണുകയും നടപടി സ്വീകരിക്കുകയും ചെയ്തു. നിയമവാഴ്ച സംരക്ഷിക്കപ്പെടാനുള്ള ബാധ്യത ഈ ഗവൺമെന്റിനുണ്ട്. ഓരോ പ്രശ്നത്തിനും കോടതി നിരീക്ഷണങ്ങൾക്കനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിരവധി കേസുകളിൽ ഗവൺമെന്റിന്റെ നിലപാടിൽ കോടതി സംതൃപ്തി രേഖപ്പെടുത്തിയിട്ടുമുണ്ട്. ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്ത് സഹകരിച്ച എല്ലാ ഭരണ-പ്രതിപക്ഷ അംഗങ്ങളോടും നന്ദി പറയുന്നു; ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയും പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയും അനുവദിക്കണമെന്ന പ്രമേയം 23-നെതിരെ 75 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 4.14-ന് പിരിഞ്ഞു.